25 years

Kandanad
Diocesan
# BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 10, 15 October 2016

എഡിറ്റോറിയൽ

# സമഗ്രാരോഗ്യം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവവിഭവശേഷി വകുപ്പ് 2016 വർഷത്തെ സഭാംഗങ്ങളുടെ പഠനത്തിനും ചിന്തയ്ക്കും പരിശീലനത്തിനുമായി തിരഞ്ഞെടുത്തിരിക്കുന്ന വിഷയം 'സമഗ്രാരോഗ്യം' എന്നതാണല്ലോ. സ്വഭാവം ഒഴിച്ചാൽ ഒരാളുടെ ഏറ്റവും വിലപ്പെട്ട സ്വത്ത് ആയാളുടെ ആരോഗ്യമാണ്. ആരോഗ്യവാനായ ഒരു വ്യക്തിക്കു മാത്രമേ സമ്പൂർണ്ണമായി ജീവിക്കുവാനും ഏറ്റവും നന്നായി സേവനമനുഷ്ഠിക്കുവാനും കഴിയുകയുള്ളൂ.

എന്താണ് ആരോഗ്യം? ലോകാരോഗ്യസംഘടന (WHO) അതിനു നൽകിയിരിക്കുന്ന നിർവചനം 'ശാരീരികവും മാനസികവും, സാമൂഹികവും, ആത്മീകവുമായ സുസ്ഥിതി' എന്നാണ്. 'സുസ്ഥിതി' എന്നാൽ 'നല്ല അവസ്ഥ' (well-being) എന്നർത്ഥം. മേലുദ്ധരിച്ച നിർവ്വചനപ്രകാരം ഒരാളുടെ നാലുവിധത്തിലുള്ള ഭദ്രാവസ്ഥയാണ് അയാളെ ആരോഗ്യവാനാക്കുന്നത്.

ശാരീരികമായ സുസ്ഥിതി എന്താണെന്നു നോക്കാം. അതിസങ്കീർണ്ണതയും വിശിഷ്ടശേഷികളുമുള്ള ഒരു അത്യത്ഭുത യന്ത്രമാണ് മനുഷ്യശരീരമെന്നു പറയാം. ഒരു ടെലിവിഷന്റെയോ കമ്പ്യൂട്ടറിന്റെയോ കവചം നീക്കിനോക്കിയാൽ അവയുടെ സങ്കീർണ്ണത നമുക്ക് മനസ്സിലാകും. അവയിലെ സ്ഥൂലവും സൂക്ഷ്മവുമായ അനേകഭാഗങ്ങളും, വൈദ്യുതിബന്ധങ്ങളും സർക്കീട്ടുകളും നമ്മെ അത്ഭുതപ്പെടുത്തും. എന്നാൽ അതിലെത്രയോ വിസ്മയകരമാണ് അവയെ നിർമ്മിച്ച മനുഷ്യന്റെ ശരീരവും അതിന്റെ ഭാഗങ്ങളും പ്രവർത്തനങ്ങളും! സ്വന്തം ശരീരത്തെ ഇനിയും മനുഷ്യൻ പഠിച്ചു കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. മനുഷ്യന്റെ അസംഖ്യം ശരീരഭാഗങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും കഴിവുകളുടെയുമെല്ലാം സുസ്ഥിതിയാണ് അവന്റെ ശരീരാരോഗ്യം.

മസ്തിഷ്ക (brain) മാണ് മനസ്സിന്റെ ആസ്ഥാനം. മസ്തിഷ്കത്തിന്റെ പ്രവർത്തനമണ്ഡലമാണ് മനസ്സെന്നു പറയാം. മസ്തിഷ്കത്തിലെ രാസക്രിയകളുടെ സാധാരണത്വ (normalcy) മാണ് മനസ്സിന്റെ സന്തുലാവസ്ഥ നിലനിർത്തുന്നത്. അത് നഷ്ടപ്പെട്ടാൽ മനസ്സിന്റെ പ്രവർത്തനം തകരാറിലാകും. അങ്ങനെയുള്ള ഒരാൾ ആക്രമണത്തിനടുക്കുന്ന കാളക്കൂറ്റനെ പിടിച്ചു നിർത്താൻ കെൽപുള്ളവനാണെങ്കിലും ആരോഗ്യവാനല്ല. മാനസികരോഗിയാണ്. വ്യത്യസ്ത തീവ്രതയിലുള്ള മാനസികരോഗങ്ങൾ ബാധിച്ച എത്രയോ ആളുകളാണ് നമുക്കുചുറ്റും കഥയറിയാതെ, അംഗീകരിക്കാതെ കഴിയുന്നത്!

എന്താണ് ഒരാളുടെ സാമൂഹിക സുസ്ഥിതി? വ്യക്തിക്ക് സമൂഹത്തോടുള്ള ബന്ധവും ചുമതലകളും പൂർണ്ണമായി മനസ്സിലാക്കി അതിനനുസരിച്ച് ജീവിക്കാൻ കഴിയുന്ന അവസ്ഥാവിശേഷമാണ് ഒരാളുടെ സാമൂഹിക സുസ്ഥിതി. ഇതില്ലാത്തവർ സാമൂഹിക ആരോഗ്യമില്ലാത്തവരാണ്. ചിലർ ഒറ്റയ്ക്ക് സാമൂഹിക രോഗികളായി കാണപ്പെടുന്നവരല്ലെങ്കിലും കൂട്ടം ചേരുമ്പോൾ അവരുടെ രോഗാവസ്ഥ പ്രകടിപ്പിക്കും. സാമൂഹ്യ ആരോഗ്യമുള്ള ഒരാൾ എപ്പോഴും തന്നെപ്പോലെയാണ് തനിക്കു ചുറ്റുമുള്ള മറ്റാളുകളും എന്ന പരിഗണനയോടെ ജീവിക്കും. സമൂഹത്തിൽ തനിക്കുള്ള സ്ഥാനവും കടമകളും സംബന്ധിച്ച പൂർണ്ണമായ ധാരണ അയാൾക്കുണ്ടായിരിക്കും. ഉദാഹരണത്തിന് നിങ്ങൾ ഒരു ജോലിക്ക് അപേക്ഷിച്ചു എന്നു കരുതുക. നിങ്ങളേക്കാൾ കൂടുതൽ മാർക്കുള്ള മറ്റൊരാൾ അതേജോലിക്ക് അപേക്ഷകനായുണ്ട് എന്നുകണ്ടാൽ അയാൾക്കാണ് അത് നൽകേണ്ടതെന്ന് നിങ്ങൾ പറയുമോ? പറയുമെങ്കിൽ നിങ്ങൾ സാമൂഹിക ആരോഗ്യമുള്ള വ്യക്തിയാണ്. അതല്ല, നിങ്ങൾ ശുപാർശയോ പണം മുടക്കോ വഴി ആ ജോലി

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**സമഗ്രാരോഗ്യം** ............................................. 1

**ആരോഗ്യസംരക്ഷണം: പുനർ വിചിന്തനം** ........................................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അല്പം കൂടി അടുത്തറിയാൻ** ......................... 6
സുനിത കുമാർ

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ** ....................................... 8
ഫാ. എബ്രാഹാം കാരാമ്മേൽ

**വാൾ**............................................................ 12
ജോയി മേക്കോട്ടിൽ

**ക്രിസ്തീയ സഭയുടെ ദൗത്യം** ......................... 13
എം. സൈമൺ

**വാർത്തകൾ, അറിയിപ്പുകൾ** .............. 15 – 16


കൈക്കലാക്കുവാനാണ് ശ്രമിക്കുന്നതെങ്കിൽ നിങ്ങൾ ഒരു സാമൂഹികരോഗിയാണ്. സമൂഹത്തെ രോഗഗ്രസ്തമാക്കുവാനാണ് നിങ്ങൾ ശ്രമിക്കുന്നതും. സമരങ്ങൾക്കിടയിൽ വാഹനങ്ങൾക്കുനേരെ കല്ലെറിഞ്ഞും അവ കത്തിച്ചും മറ്റും സ്വകാര്യ-പൊതുമുതലുകൾ നശിപ്പിക്കുക സാധാരണമാണല്ലോ. അത്തരം അക്രമപ്രവർത്തനങ്ങളിലേർപ്പെടുന്നവരും അതിന് അവരെ പ്രേരിപ്പിക്കുന്നവരും സാമൂഹികരോഗികളാണ്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഉൾപ്പെടെയുള്ള ദുരാചാരങ്ങൾക്കും ദുഷ്പ്രവണതകൾക്കുമെല്ലാം കാരണം സാമൂഹികാരോഗ്യത്തിന്റെ കുറവാണ്. നമ്മുടെ ജനപ്രതിനിധിസഭകളിലെ ദൃശ്യങ്ങൾ കാണുകയും റിപ്പോർട്ടുകൾ വായിക്കുകയും ചെയ്യുമ്പോൾ അതിലെ സാമാജികരുടെ സാമൂഹിക അനാരോഗ്യം ഓർത്ത് ലജ്ജയും നിരാശയും തോന്നാറുണ്ട്.

ആരോഗ്യത്തിന്റെ നാലാമത്തെ ലക്ഷണം ആത്മീക സുസ്ഥിതിയാണല്ലോ. 'ആത്മീകം' എന്നാൽ 'ആത്മാവിനെ സംബന്ധിച്ച' എന്നർത്ഥം. എന്താണീ ആത്മാവ്? "എന്റെ ഇളയമകളെക്കൂടി ഒരു നല്ല ചെറുക്കനെ ഏല്പിച്ചിട്ട് മരിച്ചാലും എനിക്ക് സന്തോഷമാ." "അവൻ എന്നോടു പറഞ്ഞ വാക്കുകൾ മരിച്ചാലും ഞാൻ മറക്കില്ല." എന്നൊക്കെ ആളുകൾ പറയുന്നത് നാം കേൾക്കാറുള്ളതാണ്. ആരാണ് മരിച്ചു കഴിഞ്ഞ് സന്തോഷിക്കുന്നത്? ആരാണ് മരണശേഷവും മറക്കാത്തത്? അതാണ് ആത്മാവ്. അതായത് മരണശേഷവും ജീവിക്കുന്ന മനുഷ്യാംശം. മനഃസാക്ഷി, അന്തഃകരണം, മനുഷ്യനിലെ ഈശ്വരാംശം എന്നൊക്കെ അതിനെ വിളിക്കാമെന്ന് തോന്നുന്നു. മനുഷ്യനിൽ സത്യം, നീതി, വിവേകം, സ്നേഹം, ആർദ്രത മുതലായ സത്ചിന്തകൾക്കെല്ലാം ജന്മം നൽകുന്ന ശക്തി. ആത്മാവ് അതിന്റെ സുസ്ഥിതിയിലാണ് ഇതൊക്കെ ജനിപ്പിക്കുന്നത്. ദുഃസ്ഥിതിയിലോ? വിപരീത ഫലങ്ങളായിരിക്കും. ആത്മീക ആരോഗ്യമുള്ള വ്യക്തി വിവേകിയും, സത്യസന്ധനും, നീതിമാനും, ധാർമ്മികനുമെല്ലാം ആയിരിക്കും. സ്വന്തം മനഃസാക്ഷിക്കുവിരുദ്ധമായി അയാൾ യാതൊന്നും ഏതൊരു ചുറ്റുപാടിലും ചെയ്യുകയില്ല. അപ്പോൾ പാതിരാത്രിക്ക് പള്ളിയുടെ മേൽക്കൂര പൊളിച്ച് ഉള്ളിൽ കടന്ന് പുലർകാലേ ബലിപീഠത്തിൽ കഠാരവച്ച് കുർബാന ചൊല്ലി പള്ളി പിടിച്ചെടുക്കുന്നതും പ്രാർത്ഥിക്കാൻ മാത്രം അനുവാദം ലഭിച്ചിടത്ത് ധൂപക്കുറ്റി ഒളിച്ചുകടത്തി 10 മിനിട്ടുകൊണ്ട് ദിവ്യബലി അർപ്പിച്ചു എന്നു വരുത്തിക്കൂട്ടുന്നതുമെല്ലാം ഭക്തിയും ധൈര്യവുമല്ല, മറിച്ച് ആത്മീക അനാരോഗ്യത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് വിളംബരം ചെയ്യുന്നത്. ആത്മീക സുസ്ഥിതിയുള്ളവർ എപ്പോഴും ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിലകൊള്ളും, എന്തും സഹിച്ചും പൊറുത്തും.

ഈ നാലുതരം സുസ്ഥിതികളും ഒത്തിണങ്ങുന്നവർ മാത്രമാണ് പൂർണ്ണ ആരോഗ്യമുള്ളവർ. ലോകത്തുള്ളവരെല്ലാം അങ്ങനെ ആയിത്തീരുമ്പോഴാണ് സമഗ്ര ആരോഗ്യം എന്ന ലക്ഷ്യം നേടാൻ കഴിയുക. ഇതൊരു വന്യസ്വപ്നം മാത്രമാകാം. എങ്കിലും ആ സങ്കല്പലോകമാണ് നാം ലക്ഷ്യമാക്കേണ്ടത്. സമഗ്രാരോഗ്യത്തിനുള്ള ശ്രമത്തിൽ സഭയ്ക്ക് അതിന്റെ പങ്കുനിർവ്വഹിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

മെത്രാപ്പോലീത്തായുടെ കത്ത്

# ആരോഗ്യ സംരക്ഷണം : പുനർവിചിന്തനം

കഴിഞ്ഞ ജൂലൈയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഡോ: ബി.എം. ഹെഗ്ഡെയുമായുള്ള ഒരു അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. അലോപ്പതിയുടെ അപര്യാപ്തതകളും ആ ചികിത്സാരംഗത്തു നടക്കുന്ന വൻ തട്ടിപ്പുകളും അദ്ദേഹം അതിൽ വെളിപ്പെടുത്തുന്നു. തുടർന്നുള്ള ഏതാനും ലക്കങ്ങളിൽ അദ്ദേഹത്തെ അനുകൂലിച്ചും പ്രതികൂലിച്ചും അദ്ദേഹത്തിന്റെ നിലപാട് ന്യായീകരിച്ചും വിമർശിച്ചും പ്രതികരണങ്ങൾ ഉണ്ടായി. ഏതായാലും വിവിധ സാധ്യതകളുടെ മധ്യത്തിൽ ആരോഗ്യസംരക്ഷണം എങ്ങനെ യാഥാർത്ഥ്യാക്കുവാൻ കഴിയുമെന്ന് അന്വേഷിക്കേണ്ടതുണ്ട്. ആശുപത്രികളിലെ സാഹചര്യങ്ങളും ചികിത്സാരംഗത്തെ തട്ടിപ്പുകളുമൊന്നും മാറ്റിയെടുക്കുക എളുപ്പമുള്ള കാര്യമല്ല. ആരോഗ്യ സംരക്ഷണത്തിൽ ജനങ്ങൾ എന്തെല്ലാം നിലപാടുകളും നടപടികളും സ്വീകരിക്കണം എന്നതാണ് അന്വേഷിക്കേണ്ടത്.

ചികിത്സാരീതിയെ കുറിച്ചു ചിന്തിക്കുന്നതിന് മുമ്പ് ആരോഗ്യ സംരക്ഷണം സംബന്ധിച്ച സമീപനം നിജപ്പെടുത്തുന്നതിനാണ് ശ്രദ്ധിക്കേണ്ടത്. ചികിത്സയെ ആശ്രയിക്കുന്ന ഒരു ആരോഗ്യ സംരക്ഷണ രീതിയാണ് ഇന്ന് നിലവിലുള്ളത്. മരുന്നുപ്രയോഗം നടത്തിയുള്ള ആരോഗ്യപരിപാലനശ്രമം. മരുന്നും ശസ്ത്രക്രിയയും വഴി ആയുർ ദൈർഘ്യം വർദ്ധിപ്പിക്കുന്നതല്ല സൗഖ്യപ്രാപ്തി അഥവാ ആരോഗ്യ സംരക്ഷണം. ആധുനിക മനുഷ്യന്റെ ജീവിതക്രമത്തിൽ കായികാദ്ധ്വാനത്തിന് സ്ഥാനമില്ലാതായിട്ടുണ്ട്. യന്ത്രസഹായത്തോടെ അദ്ധ്വാനഭാരം പരമാവധി ലഘുപ്പെടുത്തിയിരിക്കുന്നു. ചെറിയ ദൂരം പോലും ആരും നടക്കാതായി. കൃഷി, വ്യവസായ, നിർമ്മാണ രംഗങ്ങളിലെല്ലാം അദ്ധ്വാനം യന്ത്രങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. എന്തിന്, അതിസൂക്ഷ്മത ആവശ്യമുള്ള ശസ്ത്രക്രിയകൾ പോലും റോബട്ടുകളെ ഏല്പിച്ചിരിക്കുകയാണ്. കായിക പ്രയത്നത്തിന്റെ ഈ കൈമാറ്റം മനുഷ്യന്റെ ശാരീരിക-മാനസീക ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കേരളത്തിൽ കാർഷികരംഗത്ത് തൊഴിലാളിക്ഷാമമല്ല യഥാർത്ഥത്തിൽ യന്ത്രവൽക്കരണം ആവശ്യമാക്കിത്തീർത്തത്. അവരുടെ അദ്ധ്വാനവിരുദ്ധ നിലപാടാണ്. അദ്ധ്വാനഭാരമുള്ള തൊഴിലുകൾ ചെയ്യാൻ മടി കാണിക്കുന്നു. അതുകൊണ്ട് കാർഷിക-നിർമ്മാണ രംഗങ്ങളിലെ പ്രയത്നം യന്ത്രങ്ങളും അന്യസംസ്ഥാന തൊഴിലാളികളും ഏറ്റെടുത്തു. വ്യായാമയില്ലായ്കയും അദ്ധ്വാനമേറിയ ജോലികൾ ചെയ്യില്ല എന്ന മനോഭാവവും കൂടിച്ചേർന്ന് മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിന്റെ അടിസ്ഥാന വ്യവസ്ഥ ലംഘിക്കുന്നതിനു സാഹചര്യമൊരുക്കി.

ആരോഗ്യത്തകർച്ചയ്ക്ക് മറ്റൊരു കാരണം ഭക്ഷണരീതിയിൽ വന്ന മാറ്റമാണ്. സസ്യേതര ഭക്ഷണവും ജങ്ക് ഫുഡ്സും മനുഷ്യർ ശീലമാക്കി. പോഷകഗുണത്തേക്കാൾ രുചിക്കായി പ്രാധാന്യം. അസമീകൃതവും ദോഷകരവുമായ ഭക്ഷണവസ്തുക്കൾ പതിവാക്കുമ്പോൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. ദഹനം തടസ്സപ്പെടുന്നു. ആഗിരണം വികലമാകുന്നു. മലശോധന ക്രമം തെറ്റുന്നു. ദുർമ്മേദസ് വർദ്ധിക്കുന്നു. അമിതഭാരവും കുടവയറും വ്യാപകമാകുന്നു. ഹൃദയം, രക്തവാഹികൾ, വൃക്കകൾ തുടങ്ങിയ ജീവൽ പ്രധാന (vital) അവയവങ്ങളിൽ കൊഴുപ്പ് അടിഞ്ഞ് അവ രോഗഗ്രസ്തമാകുന്നു. രുചിവർദ്ധനവിനായി ചേർക്കുന്ന രാസവസ്തുക്കളും, സുഗന്ധദ്രവ്യങ്ങളും ചയാപചയ പ്രവർത്തനങ്ങളുടെ ക്രമം തെറ്റിക്കുകയും, രോഗപ്രതിരോധ ശക്തി (immunity) കുറയ്ക്കുകയും ക്യാൻസർ, പ്രമേഹം, ആമാശയ-ആന്ത്രവ്രണങ്ങൾ മുതലായവയ്ക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഭക്ഷണം ഊർജ്ജലഭ്യതയ്ക്കും ആരോഗ്യസംരക്ഷണത്തിനും എന്ന നില വിട്ട് ആസ്വാദനത്തിനും ആഘോഷത്തിനും പൊങ്ങച്ചത്തിനും വേണ്ടിയായതോടെ ആരോഗ്യനില മോശമാവുകയും രോഗങ്ങൾ വ്യാപകമാവുകയും ചെയ്തു. മധുരവസ്തുക്കൾ, കൊഴുപ്പ്, ബേക്കറി സാധനങ്ങൾ, പൊരിച്ച മത്സ്യമാംസാദികൾ, മദ്യം, സോഫ്റ്റ് ഡ്രിങ്ക്സ് മുതലായവ ആരോഗ്യത്തിന് ഏറെ ഹാനികരമാണെന്നറിഞ്ഞിട്ടും അവയുടെ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷണം മനുഷ്യന്റെ ആനന്ദസൃഷ്ടിക്കായി മാറിയിരിക്കുകയാണ്. ഭക്ഷണരംഗത്തു പാലിക്കപ്പെടേണ്ട പഥ്യങ്ങൾ, വർജ്ജനം, നിയന്ത്രണം ഇവയൊക്കെ പാലിക്കപ്പെടാതായി. ഒരു നേരം ക്ഷണം കഴിച്ചില്ലെങ്കിൽ അപകടമാണെന്ന ചിന്തയാണ് കുട്ടിക്കാലം മുതൽ സൃഷ്ടിക്കപ്പെടുന്നത്. അനിയന്ത്രിതമായ, അനാരോഗ്യകരമായ ആഹാരശീലം നിലനിൽക്കുന്നതാണ് ആരോഗ്യപരിപാലനത്തിനെതിരെ ഉയരുന്ന രണ്ടാമത്തെ കടുത്ത ഭീഷണി.

മൂന്നാമത്തെ ഭീഷണി ഭക്ഷണം. ജലം, വായു എന്നിവയിൽ കലർന്നിരിക്കുന്ന വിഷാംശങ്ങളാണ്. വ്യവസായ സംരംഭങ്ങൾ പരിസ്ഥിതി മലിനീകരണം രൂക്ഷമാക്കുന്നു. നിരോധിക്കപ്പെട്ടിരിക്കുന്ന കീടനാശിനികൾ, കള-കുമിൾ

നാശനികൾ, രാസവളങ്ങൾ എന്നിവയും വളർത്തുമൃഗങ്ങൾ, കോഴികൾ മുതലായവയുടെ ശീഘ്രവളർച്ചയ്ക്ക് ഉപയോഗിക്കുന്ന ഹോർമോണുകൾ മുതലായവയും വായുവഴിയൊ ആഹാരമാർഗമൊ മനുഷ്യശരീരത്തിലെത്തി ആരോഗ്യക്ഷയത്തിനു കാരണമാകുന്നു. ചുറ്റുപാടുകളെ യും ഭക്ഷണവസ്തുക്കളെയും വിഷലിപ്തമാക്കുന്ന കുമിൾ-കീടനാശനികൾ, കളനാശനികൾ, പ്രിസർ വേറ്റീവ്സ്, ചായങ്ങൾ എന്നിവയെല്ലാം ആരോഗ്യ സംരക്ഷണത്തിന് സഹായമല്ല എന്ന് ഉറപ്പായ കാര്യമാണ്. അമിതമായ ഔഷധസേവ, ആന്റിബയോട്ടിക്കുകൾ, സ്റ്റീറോയിഡ്സ്, കോർട്ടിസോൺ മുതലായവയുടെ ക്രമം തെറ്റിയൊ, അനാവശ്യമൊ ആയ ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസീകമായും ഔഷധാശ്രിതനാക്കുകയും അയാളുടെ രോഗപ്രതിരോധശേഷി ക്ഷയിപ്പിക്കുകയും ചെയ്യുന്നു. രോഗലക്ഷണങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിൽ പോലും കാലാകാലങ്ങളിൽ പതിവിൻപടി വൈദ്യപരിശോധനകൾ നടത്തിച്ച് സംതൃപ്തിക്കുവേണ്ടി, മരുന്നുസേവിക്കുന്ന ശീലം ധാരാളം പേർക്കുണ്ട്. ഒരു നേരിയ തലവേദനയൊ, ജലദോഷമൊ, പനിയൊ, നെഞ്ചെരിച്ചിലോ അനുഭവപ്പെട്ടാലും ആശുപത്രിയിലേക്ക് പായുകയാണ്. ഹൃദയം, മസ്തിഷ്ക്കം, വൃക്ക എന്നിവ ഒഴികെയുള്ള അവയവങ്ങളെ അല്ലാതെ മറ്റു ശരീരഭാഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ ക്കൊന്നും തന്നെ സത്വര ചികിത്സ ആവശ്യമുള്ളതല്ല. അസുഖത്തിന്റെ ഗതി മനസ്സിലാക്കാൻ ഒന്നുരണ്ടു ദിവസങ്ങൾ പോലും കാത്തിരിക്കാൻ അധികം പേരും ക്ഷമകാണിക്കാറില്ല. മനുഷ്യശരീരത്തിന് നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന കേടുപാടുകൾ രോഗാണുബാധകൾ, സ്ഥിതിമാറ്റങ്ങൾ എന്നി വയെ സ്വയം ചെറുക്കുവാനും സുഖപ്പെടുത്തുവാനുമുള്ള സ്വാഭാവികശേഷി അതിനുണ്ട്. ഓരോ ജീവകോശവും അതിനേൽക്കുന്ന ക്ഷതത്തെയും ക്ഷയത്തെയും ശരിപ്പെടുത്തുവാൻ അതീവ ജാഗ്രതയും ശേഷിയുമുള്ളതാണ്. അങ്ങനെ ചെയ്യുന്നതുനിമിത്തം അതിനൊരു നവശക്തി (new vigour) ലഭ്യമാകുന്നുമുണ്ട്. ഇങ്ങനെ ശരീരം അതിന് നേരിടുന്ന ഓരോ പ്രതിസന്ധിയേയും വിജയകരമായി അതിജീവിക്കുന്നതുവഴി അതിന്റെ രോഗപ്രതിരോധശക്തി (immunity) വർദ്ധിക്കുന്നു. ഒരു നിസാര രോഗലക്ഷണം അനുഭവപ്പെടുന്നയുടനെ ചികിത്സ സ്വീകരിച്ചാൽ സ്വാഭാവികമായി ലഭിക്കേണ്ട ഈ പ്രതിരോധശേഷി കൈവരിച്ച് ആരോഗ്യം വീണ്ടെടുക്കുവാനുള്ള അവസരമാണ് ശരീരത്തിന് നഷ്ടമാക്കുന്നത്. ഇത് രോഗബാധയെ എളുപ്പവും ശീഘ്രവുമാക്കുന്നു. ഏതുരോഗം വന്നാലും വിഷമാവസ്ഥയിലെത്തുന്നതുവരെ വച്ചു താമസിപ്പിച്ച് അപകടം വരുത്തണമെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ശരീരം രോഗത്തെ സ്വയം കീഴ്പ്പെടുത്തുന്നുണ്ടോ എന്ന് ശമനലക്ഷണങ്ങൾ നിരീക്ഷിക്കുന്നതിന് ക്ഷമ കാണിക്കണമെന്നു പറഞ്ഞത് ശരീരത്തിന്റെ സ്വയം രക്ഷാശേഷി വർദ്ധിപ്പിക്കുന്നതിനും അതുവഴി ആരോഗ്യസംരക്ഷണത്തിന് സഹായകമാകുമെന്നും കാണിക്കുവാനാണ്. ചികിത്സാസക്തി കുറച്ച് ശരീരമനസ്സുകൾക്ക് സ്വയം സൗഖ്യവല്ക്കരണത്തിന് അവസരം നൽകേണ്ടതാണെന്നു സാരം. റിസ്ക്ക് എടുക്കാൻ ഉള്ള ശുപാർശയല്ലിത്. ടോൺസിലെറ്റിസ് വന്നാൽ പനിയുണ്ടാകാം. രോഗം മാറ്റാനുള്ള ശരീരത്തിന്റെ ക്രമീകരണമാണിത്. ആശുപത്രിയിൽ പോയാൽ പനിയ്ക്ക് മരുന്ന്. ടോൺ സിലൈറ്റിസിന് ആന്റിബയോട്ടിക്! എങ്ങനെ സ്വയം പരിഹാരക്രമീകരണം സാധ്യമാകും. ജലദോഷം പിടിപെട്ടാൽ ചികിത്സിക്കാഞ്ഞാൽ ഏഴു ദിവസം. ചികിത്സിച്ചാൽ വെറും ഒരാഴ്ച എന്നു കേട്ടിട്ടില്ലേ? അടുത്തകാലത്തുനടന്ന ഒരു പഠനത്തിൽ കടുത്ത ആന്റിബയോട്ടിക്സ് കുഞ്ഞുങ്ങളിൽ വിഫലമാകുന്നതായി ഹിന്ദു ദിനപ്പത്രത്തിൽ ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. മരുന്നുകളിന്മേലുള്ള ആശ്രയം മരുന്നുകളെ ക്രമേണ നിഷ്ഫലമാക്കുന്നു എന്നതാണ് അതു നൽകുന്ന പാഠം.

നാം ജീവിക്കുന്നത് മത്സരങ്ങളുടെ കാലഘട്ടത്തിലാണ്. വിജയം മാത്രം ജീവിതലക്ഷ്യമാക്കിയ ഒരു സാമൂഹ്യ-സാമ്പത്തിക ജീവിത പശ്ചാത്തലത്തിലാണ് ഓരോ വ്യക്തിയും. വിപണിയാണ് മനുഷ്യജീവിതത്തിന്റെ മൂല്യങ്ങൾ നിർണ്ണയിക്കുന്നത്. അതുകൊണ്ട് സ്വന്തം വിജയം, ലാഭം, സാമ്പത്തിക ഉയർച്ച, അധികാരം എല്ലാമാണ് ജീവിതത്തിന്റെ ഉള്ളടക്കം. ഇത് പ്രോത്സാഹിപ്പിക്കുന്ന മത്സരക്ഷമത, പ്രഹരശേഷി, സ്വാർത്ഥത, അപരന്റെ തോൽവി ഇവയെല്ലാം അനാരോഗ്യകരമായ ജീവിതമൂല്യങ്ങളാണ്. സ്നേഹം, നീതി, കരുണ, പങ്കുവയ്ക്കൽ ഇവയെല്ലാം സമൂഹത്തിൽ വിലയില്ലാതാകുന്നു. അതുകൊണ്ട് നേട്ടം ഉണ്ടാക്കാൻ ശ്രമിക്കുന്ന വ്യക്തികൾ കടന്നുപോകുന്നത് ആത്മസംഘർഷത്തിന്റെയും, തിരക്കിന്റെയും, പിരിമുറുക്കത്തിന്റെയും ജീവിതപാതയിലാണ്. ഈ നിഷിദ്ധ ജീവിതാനുഭവങ്ങൾ മനുഷ്യന്റെ ആരോഗ്യനില തകരാറിലാക്കുന്നു. ആവശ്യമായ വിശ്രമം, ഉറക്കം, കുടുംബ കൂട്ടായ്മകൾ സൗഹൃദങ്ങൾ എന്നിവയെല്ലാം നഷ്ടപ്പെടുന്നു. വ്യക്തിബന്ധങ്ങൾക്ക് സ്ഥാനമില്ലാതാകുന്നു. മറ്റുള്ളവരെയെല്ലാം വില്പനച്ചരക്കുകൾ (commodities) ആയിക്കാണുന്ന മാനസികനില വന്നുചേരുന്നു. ഇത് മനുഷ്യന്റെ ആരോഗ്യനില തകർത്ത് അവനെ രോഗിയാക്കുന്നു. പണത്തിനും അധികാരത്തിനും വേണ്ടി മനുഷ്യൻ പ്രകടമാക്കുന്ന മനുഷ്യത്വമില്ലായ്മയും, ആർത്തിയും, പരാക്രമവും, അനാരോഗ്യകരമാണ് എന്ന തിരിച്ചറിവില്ലാത്ത ലോകത്ത് ഏതു ചികിത്സായാണ് ഫലപ്രദം എന്നന്വേഷിച്ചിട്ടുകാര്യമില്ല എന്ന വസ്തുതയാണ് മനസ്സിലാക്കേണ്ടത്. ആരോഗ്യകരമായ മാനുഷീക

വികാരങ്ങളുടെ, സാത്വികഗുണങ്ങളും, നീതിബോധവും, സ്നേഹവും, കരുതലുമുള്ള കുടുംബ-സമൂഹസൃഷ്ടിയാണ് ആരോഗ്യമുള്ള ജീവിതപശ്ചാത്തലം ഒരുക്കുന്നത്. രോഗഗ്രസ്തമായ മാനസികാവസ്ഥയുമായി ജീവിക്കുന്ന മനുഷ്യന് ഒരു ചികിത്സാക്രമവും സൗഖ്യം നൽകാനാവില്ല! ആശയ-മൂല്യതലത്തിലുള്ള ആരോഗ്യകരമായ പരിവർത്തനം സുസ്ഥിതിയുള്ള വ്യക്തികളെയും സമൂഹത്തെയും രൂപപ്പെടുത്തുന്നതിന് സഹായകമാകും.

അതുകൊണ്ട് മതവും അധ്യാത്മീകതയും ഈ ജീവിതമാറ്റത്തിന് പ്രേരകമാകണം. സ്വർഗ്ഗരാജ്യപ്രവേശനമല്ല മത-ആധ്യാത്മീകതകൾ പ്രാഥമിക ലക്ഷ്യമാക്കേണ്ടത്. നേരേമറിച്ച് സ്നേഹവും, നീതിയും, ആർദ്രതയുമുള്ള ഒരു സമൂഹസൃഷ്ടിയാണ്. മത-ആധ്യാത്മീകരംഗങ്ങളും കമ്പോളവല്ക്കരിക്കപ്പെട്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. മനുഷ്യത്വം വീണ്ടെടുക്കുവാൻ ശ്രമിക്കാത്ത മത-ആധ്യാത്മിക ജീവിതരീതിക്ക് എന്തു സൗഖ്യമാണ് ആതുരമായ മനുഷ്യസമൂഹത്തിന് നൽകാനാവുക! ലാഭമോഹവും, വിദ്വേഷവും, പകയും മത്സരവും നിറഞ്ഞ ജീവിതത്തെ പരിവർത്തനം ചെയ്ത് മനുഷ്യത്വം നിറഞ്ഞ ജീവിത കാഴ്ചപ്പാടും ലോകവീക്ഷണവുമുള്ള ഒരു ഉൾക്കൊള്ളുന്ന സമൂഹ (inclusive society) ത്തിന്റെ പുനഃസൃഷ്ടിയാകണം മത-ആത്മീകതയുടെ പ്രാഥമിക ലക്ഷ്യം. ആരോഗ്യകരവും നീതിനിഷ്ഠവുമായ ഒരു ആത്മീക ജീവിതം രൂപപ്പെടുത്തുന്നതാണ് മനുഷ്യജീവിതത്തിന്റെ പ്രാഥമിക പരിഗണന എന്നതിലേക്ക് വരേണ്ടതുണ്ട്. കാരണം ഇന്നും മനുഷ്യജീവിതത്തെ രൂപപ്പെടുത്തുന്നതിൽ മത-ആധ്യാത്മികത നിർണ്ണായക പങ്കുവഹിക്കാനാവും. സൗഖ്യദാനത്തിൽ മതം അതിനുള്ള പങ്ക് തിരിച്ചറിയുകയും വിശ്വാസികളിൽ തിരുത്തലിനു തയ്യാറുള്ള ആരോഗ്യകരമായ മനോഭാവം സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. വിശ്രമമില്ലാത്ത മാനസീകാദ്ധ്വാനം, സംഘർഷപൂരിതമായ മനസ്സ്, ഉറക്കമില്ലാത്ത രാത്രികൾ, നിഷ്ഠയില്ലാത്ത ജീവിതം, മൂല്യബോധമില്ലാത്ത പ്രവൃത്തികൾ, ദൈവികതചിന്തയ്ക്കും ധാർമ്മികതയ്ക്കും ഇടം നൽകാത്ത ജീവിതശൈലി എന്നിവയെല്ലാം ഈ കാലഘട്ടത്തിന്റെ ദുര്യോഗങ്ങളാണ്. ഇവിടെ തിരുത്തൽ വരുത്തുന്നതിന് മറ്റാരുടെയും അനുവാദം ആവശ്യമാവുകയോ ചുറ്റുപാടുകളുടെ സമ്മർദ്ദം തടസ്സമാവുകയൊ ചെയ്യുന്നില്ല. ദൈവാശ്രയത്തോടെയുള്ള സ്വന്തം തീരുമാനമേ വേണ്ടൂ. ആരോഗ്യ സംരക്ഷണമേഖലയിലെ ചൂഷണമൊ, ചികിത്സാരീതികളുടെ വൈവിധ്യമോ ഒന്നും ഇവിടെ ബാധകമാകുന്നില്ല. ആരോഗ്യകരമായ ജീവിത സാഹചര്യം ഒരുക്കുന്നതിന് വ്യക്തിപരവും സാമൂഹികവുമായ അവബോധവും ഇച്ഛാശക്തിയുമാണ് അനിവാര്യഘടകങ്ങൾ.

എന്നാൽ കാലാനുസൃതമായ ജീവിതശൈലിയോട് പൊരുത്തപ്പെട്ടു പോവുകയാണെങ്കിൽ ഔഷധസേവയും ശസ്ത്രക്രിയയും മറ്റും വഴി ആയുർദൈർഘ്യം കൂട്ടാൻ ശ്രമിക്കുകയേ തരമുള്ളു. മറിച്ച് ജീവിത സൗഖ്യമാണ് തേടുന്നതെങ്കിൽ വ്യത്യാസപ്പെടുത്തേണ്ടത് ജീവിത ശൈലിയും കാഴ്ചപ്പാടുകളുമാണ്. ഈ കാര്യം വിസ്മരിച്ചു കൊണ്ടുള്ള ആരോഗ്യ സംരക്ഷണം സംബന്ധിച്ച ചർച്ചകൾ വഴിതെറ്റിയ അന്വേഷണങ്ങളായി മാറുന്നു. ഏതു ചികിത്സാരീതിയാണ് മെച്ചം എന്ന ആലോചനയല്ല പ്രാഥമിക പരിഗണന അർഹിക്കുന്നത്. നേരെമറിച്ച് ജീവിതശൈലിയുടേയും കാഴ്ചപ്പാടിന്റെയും തിരുത്തലാണ്.

സസ്നേഹം
നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**
- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**
- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)



# അല്പം കൂടി അടുത്തറിയാൻ

**സുനിത കുമാർ**

*1962-ൽ മദർ തെരേസ പറഞ്ഞു: "ഞാൻ എന്നെങ്കിലും ഒരു വിശുദ്ധയായിത്തീരുന്നപക്ഷം തീർച്ചയായും ഞാനൊരു ഇരുട്ടിന്റെ വിശുദ്ധയായിരിക്കും. ഞാൻ കൂടെക്കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കു മുങ്ങും. ഇവിടെ അന്ധകാരത്തിൽ കഴിയുന്നവരുടെ വിളക്കു തെളിക്കാൻ."*

ഉപവിയുടെ സന്നദ്ധ സംഘത്തിൽ മൂന്ന് പതിറ്റാണ്ടുകൾ മദർ തെരേസയുടെ വിശ്വസ്ത വോളന്റിയർ ആയി സേവനം അനുഷ്ഠിച്ച സുനിത കുമാർ, സുബ്രോ നിയോഗിയോട് സംസാരിക്കുന്നു.

ദശലക്ഷക്കണക്കിന് അഗതികൾക്കും പാവങ്ങൾക്കും മദർ തെരേസ ഒരു ജീവിക്കുന്ന വിശുദ്ധയായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അമ്മയുടെ ജീവിതം ഒരത്ഭുത (miracle) വും കൊൽക്കത്താ നിവാസികൾക്കാണെങ്കിൽ മദറിനെ വത്തിക്കാനിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് അവർക്കറിയാവുന്ന സത്യത്തിന്റെ വിളംബരവും എന്നേ പറയാനുള്ളു.

ഞാൻ ആദ്യമായി മദറിനെ കണ്ടപ്പോൾ ഇത്ര ചെറിയ ഒരു രൂപമാണോ അവർ എന്ന് ആശ്ചര്യപ്പെട്ടുപോയി. മദർചെയ്യുന്ന ജോലിയെക്കുറിച്ച് കേട്ടിരുന്ന ഞാൻ അവർ നല്ല ഉയരവും തടിയുമുള്ള ആളാണെന്നാണ് പ്രതീക്ഷിച്ചിരുന്നത്. മദർ എന്റെ കണ്ണുകളിലേക്ക് നോക്കിച്ചിരിച്ചുകൊണ്ട് എന്റെ നേർക്ക് കൈ നീട്ടി. അവരുടെ ഹസ്തദാനം ഒരിക്കലും മറക്കൻ കഴിയാത്ത ഓർമ്മ എന്നിൽ സൃഷ്ടിച്ചു. അത്രക്ക് മുറുക്കമുള്ളതും ഊഷ്മളവുമായിരുന്നു അത്. ഞാൻ അവരോടൊപ്പം ചേരുമെന്ന് അപ്പോഴേ എനിക്ക് ഉറപ്പായി.

മദർ എന്നെയും കൂടെയുള്ളവരേയും കൊൽക്കത്തയുടെ വടക്കൻ പ്രാന്തപ്രദേശത്തുള്ള തിതാഘട്ട് ഗാന്ധിപ്രേം നിവാസിലെ കുഷ്ഠരോഗികൾക്ക് മരുന്നുകൾ നൽകാനുള്ള കൂടുകൾ നിർമ്മിക്കുന്നതെങ്ങനെയെന്ന് പഠിപ്പിച്ചു. വിരലുകൾ നഷ്ടപ്പെട്ടിരുന്ന രോഗികൾക്ക് എളുപ്പം തുറക്കാൻ കഴിയുന്ന പ്രത്യേകതരം കൂടുകളായിരുന്നു അവ. പഴയ സാരികളിൽ നിന്ന് അവർക്കു വേണ്ടി ബാന്റേജുകൾ നിർമ്മിക്കുവാനും മദർ ഞങ്ങൾക്ക് പരിശീലനം നൽകി.

ഞങ്ങളുടെ സംഘത്തിൽ പല മതത്തിൽ പെട്ട സ്ത്രീകൾ ഉണ്ടായിരുന്നു. ബീന ശ്രീകാന്തും ഞാനും സിക്കുകാരായിരുന്നു. അമിതാ മിറ്റ്റും, പ്രീതി റോയിയും ഹിന്ദുക്കൾ, പെരിൻ ഐബാൻ ഒരു പാഴ്സി ഉമാ അഹമ്മദ് ഒരു മുസ്ലീം. എന്നാൽ ഞങ്ങളെല്ലാവരും മദറുമായി വിശ്വാസത്താൽ ബന്ധിതരായി. ഉപവിയുടെ മിഷനിറിമാരുടെ രജത ജൂബിലി ആഘോഷിച്ച വേളയിൽ പള്ളികളിൽ മാത്രമല്ല, ക്ഷേത്രങ്ങളിലും മോസ്കുകളിലും ഗുരുദ്വാരകളിലും പ്രാർത്ഥനകൾ നടത്തി.

ഞങ്ങൾ മിഷനിറിമാർക്കു വേണ്ടി സംഭാവനകൾ പിരിക്കുകയും, ചാരിറ്റി ഫിലിം ഷോ നടത്തുകയും ചെയ്തു. എന്നാൽ മദറിന് നൊബേൽ സമ്മാനം ലഭിച്ചതോടെ അതെല്ലാം അവസാനിപ്പിച്ചു. കാരണം അതുമുതൽ കൊൽക്കത്തയിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പണം ഒഴുകാൻ തുടങ്ങിയിരുന്നു. ഞാനായിരുന്നു ലോകമെമ്പാടു നിന്നും എത്തുന്ന സംഭാവനകളും എഴുത്തുകുത്തുകളും കൈകാര്യം ചെയ്തിരുന്നത്. മദറും, ഞാനുമായി ഇത്ര അടുപ്പത്തിൽ എത്തിയതെങ്ങനെ എന്ന് എനിക്കറിയില്ല. മനം മടുപ്പിക്കുന്ന ചുറ്റുപാടുകളിൽ ജോലി ചെയ്യുമ്പോഴും മദർ സദാ സന്തോഷവതിയും സ്നേഹാർദ്രയുമായിരുന്നു. അവരുടെ ഉന്മേഷം സഹപ്രവർത്തകരെ എപ്പോഴും ഉത്സുകരാക്കി. ഒരിക്കൽ സന്ദർശകരിൽ ഒരാൾ മദർ ഒരഗതിയുടെ പഴുത്തൊലിക്കുന്ന വ്രണം കഴുകി വൃത്തിയാക്കുന്നതു കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു. "പത്തുലക്ഷം ഡോളർ തന്നാൽ പോലും ഞാൻ ഈ പണി ചെയ്യില്ല." മദർ പതിഞ്ഞ സ്വരത്തിൽ പ്രതികരിച്ചു. "എനിക്കുവേണ്ടിയായിരുന്നെങ്കിൽ ഞാനുമിത് ചെയ്യില്ലായിരുന്നു. ഞാനിതു ചെയ്യുന്നത് യേശുവിനു വേണ്ടിയാണ്." ("നിങ്ങളിൽ ചെറിയവന് നിങ്ങൾ ചെയ്തിട്ടുള്ളത് എനിക്കുവേണ്ടിയാണ്"-ക്രിസ്തുവചനം)

മദർ മറ്റുള്ളവർക്ക് ശക്തിപകർന്നു. ഒരു യോഗത്തിൽ അവർ പറഞ്ഞു. "നിങ്ങൾ നിങ്ങളുടെ സമയം പാവങ്ങൾക്കു വേണ്ടി ചിലവഴിക്കുന്നു. നിങ്ങളുടെ ആഹാരം കൂടി അവർക്കു വേണ്ടി ത്യജിക്കാൻ ആവശ്യപ്പെടാനാണ് ഞാനിഷ്ടപ്പെടുന്നത്." അന്നുമുതൽ ഞങ്ങളെല്ലാം ദാഹിക്കുമ്പോൾ വെള്ളമാണ് കുടിച്ചത്. അപൂർവ്വമായി മാത്രമേകാപ്പി കുടിച്ചിരുന്നുള്ളൂ. മദറിന്റെ ലളിതമായ ആവശ്യം നിറവേറ്റികൊടുത്തപ്പോൾ

ഞങ്ങൾ കൂടുതൽ ശക്തരായപോലെ അനുഭവപ്പെട്ടു.

മദർ വിഷമമുള്ള കാര്യങ്ങൾ ലഘുവായി കൈകാര്യം ചെയ്യാൻ ഞങ്ങളെ പരിശീലിപ്പിച്ചു. മാതൃക കാട്ടിയാണ് അവർ ഞങ്ങളെ നയിച്ചത്. ഒരിക്കലും അവർദേഷ്യപ്പെട്ടതായി ഞാൻ ഓർക്കുന്നില്ല. എങ്കിലും കാര്യങ്ങൾ വേഗത്തിൽ ചെയ്തു തീർക്കാൻ പറയുമായിരുന്നു. അവർ ഒരിക്കലും ശബ്ദമുയർത്തി ഞാൻ കേട്ടിട്ടില്ല. കർക്കശക്കാരിയായിരുന്നു അവർ. എന്നാൽ ഞങ്ങളെ ഉത്തരവാദിത്തമുള്ളവരാക്കാൻ വേണ്ടി മാത്രം. ഞാൻ മദറിനോടൊപ്പം യാത്ര ചെയ്യാൻ തുടങ്ങി. ആദ്യം ഇൻഡ്യയിലും പിന്നീട് പുറത്തും. ലണ്ടൻ, ഇറ്റലി, ബെൽജിയം എന്നിവിടങ്ങളിലെല്ലാം ഞങ്ങൾ ഒരുമിച്ച് സഞ്ചരിച്ചു. ഒരിക്കൽ അവർ എന്നോടു പറഞ്ഞു. "ഞാൻ പലവർഷം ഭൂമിശാസ്ത്രം പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അന്നൊന്നും ഞാൻ പഠിപ്പിച്ച സ്ഥലങ്ങൾ എനിക്ക് സന്ദർശിക്കാൻ കഴിയുമെന്ന് കരുതിയിരുന്നില്ല."

മദർ നീലക്കരയുള്ള വെള്ളസാരിയെ ലോകത്തെല്ലായിടത്തും ജനപ്രിയമാക്കി. ഉപവിയുടെ മിഷനറിമാരെല്ലാം ഈ വേഷമാണ് ധരിക്കുന്നത്. തിതാഘട്ടിലെ കുഷ്ഠരോഗികൾ നെയ്യുന്ന പരുത്തി സാരികളാണിവ.

ലണ്ടനിൽ വച്ചൊരിക്കൽ മദർ ഒരു ഗതികെട്ട മദ്യപാനിയെ കണ്ടു. അയാളുടെ കരം പിടിച്ചുകൊണ്ട് അവർ ചോദിച്ചു. "എങ്ങനെയുണ്ട് നിങ്ങൾക്ക്?" അയാളുടെ മുഖം പ്രകാശിച്ചു. കുറേ നേരം മിണ്ടാതെ നിന്നശേഷം അയാൾ പറഞ്ഞു., "വളരെ കാലങ്ങൾക്കു ശേഷം ഒരു മനുഷ്യഹസ്തത്തിന്റെ ഊഷ്മളത ഞാൻ അനുഭവിക്കുന്നു."

1993-ൽ മദർ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെ കാണാൻ വത്തിക്കാൻ സന്ദർശിച്ചപ്പോൾ ഞാനും കൂടെയുണ്ടായിരുന്നു. ലോകത്തെല്ലായിടത്തുമുള്ള ഉപവിയുടെ മിഷനറികേന്ദ്രങ്ങളെയെല്ലാം കാണിക്കുന്ന ഭൂപടം ഞങ്ങൾ കൊണ്ടുപോയിരുന്നു. സംഭാഷണത്തിനിടയിൽ മദർ എന്നെ പോപ്പിനു പരിചയപ്പെടുത്തി. ഞാൻ ഒരു ക്രിസ്ത്യാനിയാണോ എന്നദ്ദേഹം എന്നോടു ചോദിച്ചു. "അല്ല, ഹിന്ദുവാണ്. എന്ന് ഞാൻ പറഞ്ഞു." സിക്ക് ആണെന്നു പറഞ്ഞാൽ പിന്നെ അതിനു വിശദീകരണം കൊടുക്കാൻ മെനക്കെടേണ്ടി വന്നാലോ എന്നു കരുതിയാണങ്ങനെ പറഞ്ഞത്. സന്തോഷവാനായി അദ്ദേഹം ഒരു പുഞ്ചിരിയോടെ പറഞ്ഞു, "ക്രിസ്ത്യാനികളുടെ മാത്രമല്ല മറ്റു മതസ്ഥരുടേയും പിന്തുണ മദർ സ്വീകരിക്കുന്നുണ്ടെന്നറിയുന്നതിൽ ഞാൻ അത്യധികം ആഹ്ലാദിക്കുന്നു."

പോപ്പിന്റെ സാന്നിദ്ധ്യത്തിൽ മദർ വളരെ ആശ്വാസം അനുഭവിക്കുന്നതായി എനിക്ക് തോന്നി. എന്നാൽ സെന്റ് പീറ്റേഴ്സ് ബസലിക്ക സന്ദർശിച്ചപ്പോൾ അവർ അസ്വസ്ഥയായിട്ടാണ് കാണപ്പെട്ടത്. അതിന്റെ ആഡംബരഭംഗി മദറിന് ഒട്ടും ആകർഷകമായിരുന്നില്ല. "ഇവിടെ ഇത്രയ്ക്ക്മോടിയൊന്നും വേണ്ടതല്ല." അവർ എന്നോട് മന്ത്രിച്ചു. മദറിന്റെ ഇഷ്ടക്കുറവ് എനിക്ക് മനസ്സിലാക്കാവുന്നതേ ഉണ്ടായിരുന്നുള്ളു. മദർ വളരെ ലളിതമായിട്ടാണ് ജീവിച്ചിരുന്നത്. ആ വീട്ടിൽ ഫാനുള്ള ഏകമുറി സന്ദർശകരുടേതായിരുന്നു. അടുക്കളയ്ക്കു മുകളിൽ വേനൽക്കാലത്തു അസഹ്യമായ ചൂടനുഭവപ്പെടുന്ന 12'x 8' യുടെ ഒരു ചെറിയമുറിയിലായിരുന്നു മദർ കഴിഞ്ഞിരുന്നത്. മേശയും ഒരു സ്റ്റൂളും ആയിരുന്നു കട്ടിലൊഴികെ അതിലുണ്ടായിരുന്ന ഉപകരണങ്ങൾ. ആ സ്റ്റൂളിലിരുന്ന് മേശയിൽ വച്ചായിരുന്നു മദർതന്റെ 595 മിഷനറി കേന്ദ്രങ്ങളിലേക്കുള്ള എഴുത്തുകുത്തുകൾ നിർവ്വഹിച്ചു പോന്നിരുന്നത്.

രാത്രി വളരെ വൈകുന്നതുവരെ മദർ പണിയെടുത്തിരുന്നു. അഞ്ചോ ആറോ മണിക്കൂർ മാത്രമാണു ഉറങ്ങിയിരുന്നത്. ഉച്ചഭക്ഷണശേഷം ചെറുതായൊന്നു മയങ്ങും. അരമണിക്കൂർ. വീട്ടിലുള്ള ടെലിഫോൺ തന്റെ മേശപ്പുറത്തിരിക്കണമെന്ന് മദറിനു നിർബന്ധമുണ്ടായിരുന്നു. എല്ലാ വിളികൾക്കും സ്ഥലത്തുള്ളപ്പോൾ അവർ തന്നെയാണ് മറുപടി പറഞ്ഞിരുന്നത്. ഒരു പ്രത്യേക രീതിയിലുള്ള 'Yes' ഓടുകൂടിയ മറുപടി.

ഹൃദ്രോഗം വകവയ്ക്കാതെ മദർ ധാരാളം യാത്രചെയ്യുമായിരുന്നു. 1980-ൽ റോമിൽവച്ചാണ് അവർക്ക് ആദ്യത്തെ സ്ട്രോക്ക് (stroke) അനുഭവപ്പെട്ടത്. പക്ഷെ അതിനുശേഷവും യാത്രകുറയ്ക്കാൻ അവർ കൂട്ടാക്കിയില്ല. വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്നതിനു മുൻപ് മദറിന്റെ സ്ഥാനാർത്ഥിത്വത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു സഭാകമ്മീഷൻ കൊൽക്കത്തയിൽ എത്തിയിരുന്നു. മദറിന്റെ പ്രവർത്തനങ്ങൾ സ്വഭാവം സ്വത്തുക്കൾ മുതലായവയെല്ലാം കമ്മീഷൻ സമഗ്രമായന്വേഷിച്ചു.

എത്ര നീണ്ടയാത്രയ്ക്കും മൂന്നു സാരിയേ മദർ കരുതിയിരുന്നുള്ളു. അതേ അവർക്കുണ്ടായിരുന്നുള്ളുതാനും. യാത്രാ രേഖകളും പ്രാർത്ഥനാപുസ്തകവും ചൂരൽ കൈപ്പിടിയുള്ള ഒരു കൊച്ചു ചണസഞ്ചിയിലാണ് അവർ കൊണ്ടുനടന്നിരുന്നത്.

ഒരിക്കൽ ഹൃദ്രോഗബാധയെത്തുടർന്ന്,. മദറിനെ ഒരു നഴ്സിങ്ങ് ഹോമിലാക്കി. താമസിയാത മറ്റൊന്നിലേക്ക് മാറ്റേണ്ടതായി വന്നു. സ്ട്രെച്ചറിൽ കിടന്നുകൊണ്ട് താൻ അഗതികളെ കൊണ്ടുവരാൻ സാധാരണ വിളിക്കാറുള്ള ഒരു ഡ്രൈവറെ വിളിച്ചന്വേഷിച്ചു. "അജയ്, താങ്കൾക്കെങ്ങനെയുണ്ട്?"

1997 സെപ്തംബർ 5 രാത്രി, 9 മണിക്ക് മദർതെരേസ അന്തരിച്ചു. സ്വന്തം മുറിയിൽ വച്ചു തന്നെ. എല്ലാ ജീവൻരക്ഷാ സജ്ജീകരണങ്ങളും മുറിയിൽ കരുതിയിരുന്നു. എന്നാൽ അതൊന്നും പ്രയോഗിക്കാൻകഴിഞ്ഞില്ല. കാരണം, ആ സമയത്ത് ആ വീട്ടിൽ വൈദ്യുതി ഉണ്ടായിരുന്നില്ല. സിസ്റ്റർ നിർമ്മല എന്നെ വിളിച്ച് മദർ യേശുവിനടുക്കലേക്കു യാത്രയായി എന്നു പറഞ്ഞു. ഞാനെത്തിയപ്പോൾ ശരീരം കട്ടിലിൽ കിടക്കുകയായിരുന്നു. ആ പാദങ്ങൾ ഞാൻ സ്പർശിച്ചു നോക്കി. ചൂട് വിട്ടുമാറിയിരുന്നില്ല.

*അഭിമുഖം*



# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**കേരളത്തിൽ തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നു. അവയുടെ ആക്രമണത്തിന് കുട്ടികൾ, വൃദ്ധർ, സ്ത്രീകൾ, വഴിയാത്രക്കാർ, വെളിയിലുറങ്ങുന്നവർ എന്നിവരെല്ലാം ഇരകളാകുന്നു. പ്രശ്നം രൂക്ഷമായിട്ടും ഇതു സംബന്ധിച്ച് സഭകൾ അഭിപ്രായമൊന്നും ഇതേവരെ പ്രകടമാക്കിയിട്ടില്ല. തെരുവുനായ്ക്കളുടെ ഭീഷണിക്ക് പരിഹാരം കാണേണ്ടതല്ലേ?**

തീർച്ചയായും. പട്ടികൾ കൂട്ടമായും ഒറ്റയ്ക്കും മനുഷ്യരെയും വളർത്തു ജന്തുക്കളെയും ആക്രമിക്കുന്നു. കാൽനടക്കാരാണ് ആക്രമണവിധേയരാകുന്നവരിൽ അധികവും. പ്രായം ചെന്നവർ, കുഞ്ഞുങ്ങൾ, സ്ത്രീകൾ, പിച്ചക്കാർ, വളർത്തു ജന്തുക്കൾ ഇവരൊക്കെ പട്ടികളുടെ കടിയേല്ക്കുന്നു. ചിലർ മരിക്കുന്നു. ഇരുചക്രവാഹനാപകടങ്ങളിലും നല്ല പങ്ക് തെരുവുനായ്ക്കൾ മൂലമാണുണ്ടാകുന്നത്. അവയെ ഭയന്ന് കുട്ടികളെ കാൽനടയായി സ്കൂളിലയയ്ക്കാൻ രക്ഷകർത്താക്കൾ ഭയക്കുന്നു. നടപ്പിനു പോകുവാൻ മനുഷ്യർക്കു പേടി. പുറത്തിറങ്ങാൻ സ്ത്രീകൾക്കു ഭീതി. തെരുവുനായ്ക്കളുടെ കൂട്ടത്തിൽ പേപിടിച്ചവയും (rabid dogs) കണ്ടേക്കാമെന്നത് അവരുടെ ഭയത്തെ ശതഗുണീഭവിപ്പിക്കുന്നു. ആകെപ്പാടെ ജനജീവിതത്തെ അലോസരപ്പെടുത്തുന്ന സാഹചര്യം നിലവിൽ വന്നിരിക്കുന്നു. ഇതിനു പരിഹാരം കാണുക തന്നെ വേണം.

**എന്താണ് പരിഹാരം? അവയെ കൊന്നാൽ നിയമലംഘനമാകും. സത്യത്തിൽ കൊന്നൊടുക്കുകയല്ലേ എളുപ്പവും പ്രായോഗികവുമായ പ്രതിവിധി?**

വംശനാശം വരുത്തിയല്ലല്ലോ പ്രശ്നം പരിഹരിക്കേണ്ടത്. ഉണ്ടാകേണ്ടത് ശ്വാനവർഗ്ഗത്തിന്റെ നിർമ്മാർജ്ജനമല്ല. തെരുവുനായ്ക്കളുടെ സാന്നിധ്യവും ആക്രമണവും തടയുകയാണ്. ആദ്യമായി തെരുവു നായ്ക്കൾ പെരുകുന്നതിന്റെ കാരണം കണ്ടെത്തണം. ആ സാഹചര്യം മാറ്റിയെടുക്കാൻ നടപടികൾ സ്വീകരിക്കണം. എന്നാൽ നിലവിലുള്ള ആക്രമണ ഭീതിക്ക് അടിയന്തരമായ പരിഹാരം ഉണ്ടാക്കുകയും വേണം. അതായത് തെരുവുനായ്ക്കളുടെ വർദ്ധനകാരണം മനസ്സിലാക്കി ദീർഘകാലാടിസ്ഥാനത്തിൽ അതിനു പ്രതിവിധി ഉണ്ടാക്കണം. ഒപ്പം തന്നെ നിലവിലുള്ള ശ്വാനഭീഷണി നേരിടാൻ സത്വര നടപടികൾ സ്വീകരിക്കുകയും വേണം. ജനങ്ങൾക്കിടയിൽ ദാരിദ്ര്യത്തിനു കാരണം സാമ്പത്തിക-രാഷ്ട്രീയ സംവിധാനത്തിന്റെ പിഴവാണെന്ന് സൈദ്ധാന്തികൾ പറയും. എന്നാൽ ആ സംവിധാനം (system) വ്യത്യാസപ്പെടുത്തി മാത്രം ദാരിദ്ര്യപ്രശ്നം ഒരിക്കലും തീർക്കാൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. വ്യക്തികളും സമൂഹവും തങ്ങൾക്കുള്ളത് ദരിദ്രരുമായി പങ്കുവെയ്ക്കുമ്പോഴാണ് അടിയന്തരമായി പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നത്. അതുതന്നെയാണ് ഇവിടെയും നടക്കേണ്ടത്. ദീർഘകാലാടിസ്ഥാനത്തിൽ തെരുവുകളിൽ നായ്ക്കളുടെ സാന്നിധ്യം ഇല്ലാതാക്കാൻ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണം. എന്നാൽ നിലവിലുള്ള കടുത്ത ഭീഷണിക്ക് അടിയന്തര പരിഹാരം ഉണ്ടാവുകയും വേണം. നിലവിലുള്ള ഭീഷ

---

മദറിന്റെ ഈ വാക്കുകൾ ഞാൻ ഓർക്കുന്നു. ''ഞാൻ ഇന്ത്യാക്കാരിയാകാൻ സ്വയം തെരഞ്ഞെടുത്തതാണ്. നിങ്ങളോ, സന്ദർഭവശാൽ.'' മറ്റൊരവസരത്തിൽ അവർ എന്നോടു പറഞ്ഞു. ''ജന്മം കൊണ്ട് ഞാനൊരു അൽബാനിയാക്കാരിയാണ്. പൗരത്വം കൊണ്ട് ഒരു ഇന്ത്യൻ. വിശ്വാസം കൊണ്ട് ഒരു കത്തോലിക്ക സന്യാസിനി. എന്റെ വിളിയനുസരിച്ച് ഞാൻ ലോകത്തിന്റെ മുഴുവനാണ്. എന്റെ ഹൃദയം പൂർണ്ണമായും യേശുവിന്റെ തിരുഹൃദയത്തോട് ചേർക്കപ്പെട്ടതാണ്.''

മദർതെരേസയുടെ ചില പ്രതിദ്ധ്വനിക്കുന്ന മൊഴികൾ കൂടി ചേർത്തുകൊണ്ട് ഈ കുറിപ്പവസാനിപ്പിക്കാം. ''ഉവ്വ്, ഞാൻ നിങ്ങളെ കൺവെർട്ട് (Convert) ചെയ്യിക്കുന്നു. ഒരു മെച്ചപ്പെട്ട ഹിന്ദുവായിട്ട്, ഒരു മെച്ചപ്പെട്ട മുസ്ലീമായിട്ട്, ഒരു മെച്ചപ്പെട്ട പ്രൊട്ടസ്റ്റന്റായിട്ട്, ഒരു മെച്ചപ്പെട്ട കത്തോലിക്ക(ൻ) ആയിട്ട്, ഒരു മെച്ചപ്പെട്ട പാഴ്സിയായിട്ട്, അല്ലെങ്കിൽ ഒരു മെച്ചപ്പെട്ട ബുദ്ധിസ്റ്റായിട്ട്.''

''സ്നേഹം കുടുംബത്തിലാരംഭിക്കുന്നു. നാം എത്രമാത്രം ചെയ്തുകൂട്ടുന്നു എന്നതല്ല, എത്രമാത്രം നമ്മുടെ പ്രവൃത്തികളിൽ സ്നേഹം ചേർക്കുന്നു എന്നതാണ് പ്രധാനം.''

ഒടുവിൽ നാം വിധിക്കപ്പെടുന്നത് നാം എത്രമാത്രം നയതന്ത്രങ്ങൾ വശമാക്കി, എത്രമാത്രം ധനം നേടി എന്നിവയുടെ അടിസ്ഥാനത്തിലല്ല; പിന്നെയോ, 'ഞാൻ നഗ്നനായിരുന്നു നിങ്ങൾ എനിക്ക് വസ്ത്രം നൽകി. ഞാൻ വീടില്ലാത്തവനായിരുന്നു. നിങ്ങൾ എന്നെ ചേർത്തുകൊണ്ടു' എന്ന ക്രിസ്തുവാക്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ഫോട്ടോഗ്രാഫർമാരോട് മദറിന്റെ ഉപദേശം. ''നിങ്ങൾ അഗതികളുടേയും അനാഥരുടേയും പടം എടുക്കുന്നെങ്കിൽ അവരുടെ മാനം സംരക്ഷിക്കുന്ന വിധത്തിലായിരിക്കണം. ഞാൻ അവരെ അങ്ങനെയാണ് മനസ്സിൽ സൂക്ഷിച്ചിരിക്കുന്നത്.'' ●

ണിയെ ചെറുതായി കണ്ടുകൂടാ. അതിന് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരത്തിനുള്ള സൈദ്ധാന്തിക സമീപനം മാത്രം പോരാ. സത്വര നടപടിയും സ്വീകരിക്കേണ്ടതുണ്ട്.

**എന്തുകൊണ്ടാണ് തെരുവു നായ്ക്കൾ (stray dogs) പെരുകുന്നത്? എന്തുകൊണ്ടാണ് അവ ആക്രമണോത്സുകരാകുന്നത്?**

തെരുവു നായ്ക്കൾ പെരുകുന്നതിന് പല കാരണങ്ങൾ ഉണ്ട്. ഇന്ന് നാടൻ പട്ടികളെ സൂക്ഷിക്കുന്നവരുടെ എണ്ണം കുറഞ്ഞു. അവയ്ക്കു മാർക്കറ്റില്ല. നാണക്കേടാണ്. അതുകൊണ്ട് ആവശ്യക്കാരുമില്ല. മറുനാടൻ ഇനങ്ങൾക്ക് പ്രിയമേറിയപ്പോൾ നാടൻ പട്ടികൾക്ക് അംഗീകാരവും ഇടവും ഇല്ലാതായി. അതോടെ അവ വീടിനു പുറത്തായി. അതുകൊണ്ട് തെരുവുനായ്ക്കളിൽ ബഹുഭൂരിഭാഗവും ആവശ്യക്കാരില്ലാത്ത നാടൻ ഇനങ്ങളാണ്. പിന്നെയുള്ളത് രോഗവും വാർദ്ധക്യവും കൊണ്ട് അവശരാകുമ്പോൾ തിരസ്കൃതരാകുന്ന ഉയർന്ന ഇനം പട്ടികളും. പാവങ്ങൾക്കും പട്ടിപ്രേമം കുറവില്ല. അവരുടെ വീടുകളിൽ പട്ടികൾ പെറ്റുപെരുകുമ്പോൾ വേണ്ടത്ര ഭക്ഷണം കിട്ടാതെ പുറംചാടുന്നു. ഇങ്ങനെ തെരുവിലെത്തുന്ന പട്ടികൾക്ക് കശാപ്പുശാലകളിൽ നിന്നും ഹോട്ടലുകളിൽനിന്നുമെല്ലാമുള്ള മാലിന്യങ്ങൾ ഭക്ഷണമാകുന്നു. തന്മൂലം അവ കൂട്ടംചേരുകയും പെറ്റുപെരുകയും ചെയ്യുന്നു. സംഘം ചേരൽ അവയെ കൂടുതൽ അക്രമാസക്തരാക്കുന്നു. വളർത്തുജന്തുക്കളെയും, കുട്ടികളെയും, കടത്തിണ്ണകളിലുറങ്ങുവരെയുമെല്ലാം കടിച്ചുകീറുന്നത് വിശപ്പടക്കാനുള്ള വ്യഗ്രതയിലാണ്. ഭക്ഷണം കിട്ടുമ്പോൾ ക്രൗര്യം കൂടുന്ന ഒരു പ്രത്യേകത കൂടി ശ്വാനവർഗ്ഗത്തിനുണ്ട്. ഇഷ്ടഭക്ഷണം കണ്ടാൽ ഇണയെപ്പോലും നായ കടിച്ചോടിക്കും. മാലിന്യക്കൂമ്പാരത്തിൽ മേയുന്ന നായ സമീപത്തുകൂടി കടന്നുപോകുന്നവരെ ആക്രമിക്കുന്നത് അതുകൊണ്ടാണ്. മറ്റുള്ളവരെല്ലാം തന്റെ ഭക്ഷണം തട്ടിയെടുക്കാൻ വരുന്നവരാണെന്ന തോന്നൽ ആകാം ഈ ആക്രമണത്തിനു കാരണം. നിരത്തുവക്കുകളിലും, ഒഴിഞ്ഞ സ്ഥലങ്ങളിലുമെല്ലാം ജനങ്ങൾ സൗകര്യപ്രദമായി ഭക്ഷണ ഉച്ഛിഷ്ടങ്ങൾ അടക്കമുള്ള മാലിന്യങ്ങൾ മനഃസാക്ഷിയില്ലാതെ ഉപേക്ഷിച്ചുതള്ളുന്നത് നമ്മുടെ നാട്ടിൽ പതിവാണ്. അതുപോലെ തന്നെ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ ശേഖരിക്കുന്ന മാലിന്യങ്ങൾ പൊതു സ്ഥലത്ത് അനാവൃതമായി ദിവസങ്ങളോളം കൂട്ടിയിടുന്നു. തെണ്ടിപ്പട്ടികൾ ഈ കൂനകളിൽ ഭക്ഷണം ചികയുന്നു. ഇപ്രകാരമെത്തുന്നവ ഇണചേർന്ന് പെറ്റുപെരുകുന്നു. തെരുവുനായ്ക്കൾ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ പശ്ചാത്തലം ഇതെല്ലാമാണ്.

വീടുകളിൽ കഴിയുമ്പോൾ നായ്ക്കൾ മിക്കപ്പോഴും ഒറ്റയ്ക്കാണ്. പൂട്ടിയിടപ്പെടുന്നതിനാൽ അവയ്ക്ക് സഞ്ചാരവും നിയന്ത്രിതമാണ്. തന്മൂലം വംശവർദ്ധനവിനുള്ള സാധ്യത കുറയുന്നു. എന്നാൽ പുറംചാടുന്നതോടെ പട്ടികളുടെ പെരുക്കം വേഗത്തിലാകുന്നു. 12 പട്ടികളുടെ ഒരു സംഘം ആറു വർഷം കൊണ്ട് 66088 ആയി വർദ്ധിക്കുമെന്നാണ് ശാസ്ത്രീയമായ കണക്കുകൂട്ടൽ. ഈ വർദ്ധനവ് ശരിക്കും ഒരു ഭീഷണി തന്നെയാണ്.

തെരുവുനായ്ക്കളെല്ലാം ആക്രമണകാരികളല്ല. എന്നാൽ ആക്രമിക്കുന്ന ഒറ്റയാന്മാരും സംഘങ്ങളും അവയുടെ കൂട്ടത്തിലുണ്ട്. വീട്ടിൽ വളർത്തുന്ന പട്ടികൾ അവിടെ എത്തുന്നവരെ കടിക്കുന്നത് ഉടമസ്ഥന്റെ സ്വത്തിനും ജീവനും ഭീഷണിയെന്നു ധരിച്ചാണ്. എന്നാൽ തെരുവിൽ നായ്ക്കൾ ആക്രമിക്കുന്നത് പലപ്പോഴും മനുഷ്യരുടെ പീഡനത്തിനു വിധേയമാകുന്നതുമൂലമുണ്ടാകുന്ന അമർഷം കൊണ്ടാണ്. ഉപദ്രവം ചെയ്യുന്നവർ കരുത്തരെങ്കിൽ പട്ടികൾ പക തീർക്കുന്നത് കുട്ടികളോടും മറ്റു ദുർബ്ബലരോടുമായിരിക്കും. തങ്ങളുടെ സ്വൈര്യ ജീവിതത്തിന് മനുഷ്യർ ഭീഷണിയെന്നു തോന്നുമ്പോഴും നായ്ക്കൾ അക്രമാസക്തരാകാറുണ്ട്. ഉപേക്ഷിക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്ന പട്ടികൾ അതിന്റെ വംശപൈതൃകം പ്രകടമാക്കുന്നു എന്നേയുള്ളു. അതിനിരകൾ മിക്കപ്പോഴും നിരപരാധികളായ ദുർബ്ബലരായിരിക്കും.

**എല്ലാ പട്ടികളും ആക്രമണകാരികൾ അല്ലായെങ്കിൽ അങ്ങനെയുള്ളവയെ മാത്രം ലക്ഷ്യമിട്ടാൽ പോരെ? എല്ലാ തെരുവുനായ്ക്കളെയും തെരുവുകളിൽ നിന്ന് ഒഴിവാക്കണമെന്നുണ്ടോ?**

പേയ് (റേബീസ്-ഇതൊരു വൈറസ് രോഗമാണ്) പിടിപെടാനുള്ള സാധ്യത എല്ലാ പട്ടികൾക്കുമുണ്ട്. പിടിപെട്ടാൽ സൗമ്യരായ പട്ടികളും മറ്റുള്ളവയെപ്പോലെ അക്രമാസക്തരാവുകയും കണ്ണിൽ പെടുന്നവരെയെല്ലാം കടിച്ച് രോഗം സംക്രമിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഏതു തെരുവുനായയിലും അപകടം പതിയിരിക്കുന്നുണ്ട് എന്നതാണ് വാസ്തവം. കടിച്ചപട്ടി പേയുള്ളതാണോ എന്നു കൃത്യമായി അറിയാനും മിക്കപ്പോഴും സാധിക്കാറില്ല. കടിയേറ്റ ആരിലും റേബിസിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ പിന്നെ ചികിത്സയുമില്ല. കടിച്ച പട്ടിയെ പരിശോധിക്കാൻ സൗകര്യമില്ലാത്ത സന്ദർഭങ്ങളിലെല്ലാം റേബീസ് വക്സിൻ കുത്തിവെപ്പ് എടുക്കേണ്ടിവരും. അതുകൊണ്ട് തെരുവുനായ്ക്കളെ തരംതിരിച്ച് സൗമ്യതയുള്ളവയോട് സൗഹൃദമാകാം എന്ന ചിന്തയ്ക്ക് പ്രസക്തിയില്ല.

**തെരുവനായ്ക്കളുടെ പെരുകലിന്റെയും അവ ഉയർത്തുന്ന ഭീഷണിയുടെയും സാഹചര്യത്തിൽ അപകടമൊഴിവാക്കാൻ എന്തു ചെയ്യാനാവും? വളരെ ഗൗരവമായി എടുക്കേണ്ട കാര്യമല്ലേ ഇത്?**

തീർച്ചയായും. ഒന്നാമതായി ഒരു സാഹചര്യത്തിലും നായ്ക്കളെ

തെരുവിൽ ഉപേക്ഷിക്കുകയൊ നാടുചുറ്റാൻ വിടുകയൊ ചെയ്യുന്നത് അപകടമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക. നായ്ക്കളെ വളർത്തുവാൻ ആഗ്രഹിക്കുന്നവർ അവയെ രജിസ്റ്റർ ചെയ്യുകയും സമയാസമയങ്ങളിൽ ആവശ്യമായ കുത്തിവെയ്പ് എടുപ്പിക്കുകയും ചെയ്യുന്നതിന് കർശനമായ നിർദ്ദേശം നൽകുകയും ചെയ്യുക. തെരുവുനായ്ക്കൾക്ക് വെളി സ്ഥലങ്ങളിൽ ഭക്ഷണത്തിന്റെ ലഭ്യത ഇല്ലാതാക്കുക. ഉച്ഛിഷ്ടങ്ങൾ പാതവക്കുകളിലും മറ്റും ഉപേക്ഷിക്കുന്ന പതിവിനെതിരെ പൊതുജനം ജാഗ്രത പുലർത്തുകയും സമൂഹ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക. വെയ്സ്റ്റ് മാനേജ്മെന്റ് കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ചുമതല കൃത്യമായി പാലിക്കുക, ഒരു മാലിന്യവും അനാവൃതമായി തെരുവുനായ്ക്കൾക്കും മറ്റും പ്രാപ്യമാകത്തക്കവിധത്തിൽ കിടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക. തെരുവുനായ്ക്കളെ ഫലപ്രദമായ രീതിയിൽ വന്ധ്യംകരണം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. അവയുടെ വന്ധ്യംകരണത്തിനുള്ള സ്വാതന്ത്ര്യം പൊതുജനങ്ങൾക്ക് വിട്ടുകൊടുക്കുക. നായ്ക്കളുടെ വന്ധ്യംകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം പ്രയോജനപ്പെടുത്തുക. തെരുവുനായ്ക്കളെ അവഗണിച്ച് അവയുടെ വഴിക്കുവിട്ടാൽ മതിയെന്നു വാദിക്കുന്ന മൃഗസ്നേഹികൾക്ക് ഒരേ ലിംഗത്തിൽപെട്ട രണ്ടോ മൂന്നോ തെരുവുനായ്ക്കളെ വീതം സമ്മാനമായി നൽകുക. അവർ അവയെ പരിപാലിച്ചു മാതൃക കാണിക്കട്ടെ. സിദ്ധാന്തം പറഞ്ഞാൽ മാത്രം പോരല്ലോ. പ്രവർത്തിച്ചുകാണിക്കുകയും വേണമല്ലോ. പ്രശ്നപരിഹാരത്തിന് അവരുടെ സഹകരണവും മാതൃകയും വിലപ്പെട്ടതല്ലേ? ഇങ്ങനെ ഒരു നീക്കം നടന്നാൽ അവരിൽ പലരും തെരുവുനായ്ക്കകളുടെ നിയന്ത്രണത്തിന് പിന്തുണ നൽകുമെന്നാണ് എന്റെ പ്രതീക്ഷ. ബാക്കിയുള്ള പട്ടികളെ വന്ധ്യംകരിച്ച് ഷെൽട്ടറുകളിലാക്കി സമീപവാസികളുടെയും, സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം സഹകരണത്തോടെ സംരക്ഷിക്കുക. ഇവയെല്ലാം ദീർഘകാലാടിസ്ഥാനത്തിൽ തെരുവുനായ പ്രശ്നത്തിനെതിരെ അവലംബിക്കാവുന്ന പരിഹാരമാർഗ്ഗങ്ങളാണ്.

**എന്നാൽ ഈ പ്രശ്നത്തിന്റെ അടിയന്തരമായ പരിഹാരത്തിന് തെരുവു നായ്ക്കളെ കൊന്ന് അവയുടെ ജഡവുമായി ഘോഷയാത്ര നടത്തുന്നതിനെക്കുറിച്ച് എന്താണ് പ്രതികരണം? ഇതിനെ സർക്കാരിന്റെയും ജുഡീഷ്യറിയുടെയും കണ്ണു തുറപ്പിക്കുവാൻ നല്ല മാർഗ്ഗമായി കാണാമോ? വിഷയത്തിൽ ജനശ്രദ്ധ നേടുവാൻ സഹായകമാണോ ഇത്?**

ഈ നടപടി ഒട്ടും മനുഷ്യത്വപരമല്ല. പട്ടി അതിന്റെ വർഗ്ഗസ്വഭാവം പ്രകടിപ്പിക്കുമ്പോൾ സംസ്കാരമുള്ള മനുഷ്യൻ അങ്ങനെ പ്രതികരിച്ചുകൂടാ. ഇതൊക്കെ മനുഷ്യത്വം നഷ്ടപ്പെട്ട കിരാതമനസ്സിന്റെ ഹീനമായ നടപടികളാണ്. ഈ ആഘോഷം അവഹേളനപരമാണ്. നായ്ക്കൾ സഹസ്രാബ്ദങ്ങളായി വിശ്വസ്തതയോടെ മനുഷ്യർക്ക് സേവ ചെയ്ത മിണ്ടാമൃഗസമൂഹമാണ്. മനുഷ്യസംസ്കാരത്തിലുടനീളം നായ് എന്ന നിസ്വാർഥസേവകന്റെ നിഴലാട്ടമുണ്ട്. നായ്ക്കളെ കൊന്ന് അവയുടെ മൃതദേഹം ചുമന്നുകൊണ്ട് ആഘോഷപ്രദക്ഷിണം നടത്തിയത് ഏതു ലക്ഷ്യത്തിനായാലും അപലപനീയമാണ്.

**മനുഷ്യന്റെ ജിവനുതന്നെ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ നായ്ക്കളെ കൊല്ലുന്നതിലെന്താണ് തെറ്റ്?**

ഹിംസയ്ക്ക് -അതെന്തിനുവേണ്ടിയാണെങ്കിലും-അതിന്റേതായി ന്യൂനത-കളങ്കമുണ്ട്. എന്നിരുന്നാലും തെരുവുനായ്ക്കൾ ഉയർത്തുന്ന ഭീഷണി അത്ര രൂക്ഷമെങ്കിൽ അവയുടെ എണ്ണം സത്വരമായി കുറക്കേണ്ട സാഹചര്യത്തിൽ മനുഷ്യോചിതമായ രീതിയിൽ അവയെ കൊന്ന് പ്രതിസന്ധി ഒഴിവാക്കാവുന്നതാണ്. എങ്കിലും അതൊരു പകതീർക്കലൊ ആഘോഷമൊ ആക്കരുത്. അവയിൽ അപകടകാരികളെ തെരഞ്ഞുപിടിച്ച് കൊന്ന് (ജഡം പ്രദർശനവസ്തുവാക്കാതെ) മറവുചെയ്യുകയാണ് വേണ്ടത്. ഏതുകാര്യത്തിലും ന്യായവും മിതത്വവും പക്വതയും പാലിക്കണമല്ലോ.

**നാട്ടിൽ ആടുമാടുകളെയും വളർത്തുപക്ഷികളെയും കൊല്ലുന്നതിന് അനുവാദമുണ്ട്. ആക്രമണകാരികളായ നായ്ക്കളെ കൊല്ലുന്നത് എന്തുകൊണ്ടാണ് cruelty ആയി ഗണിക്കപ്പെടുന്നത്?**

മനുഷ്യത്വപരമായ രണ്ടു കാരണങ്ങളാണ് അതിന് പറയാനുള്ളത്. ഒന്ന് ആടുമാടുകളേയും കോഴിയെയും നാം കൊല്ലുന്നത് അവയുടെ മാംസം ഭക്ഷിക്കുന്നതിനാണ്. അതിനുവേണ്ടിയല്ലല്ലോ പട്ടികളെ കൊല്ലുന്നത്. ഇൻഡ്യയുടെ ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മനുഷ്യർ പട്ടിയെ കൊന്നുതിന്നാറുണ്ട്. അതുകൊണ്ട് തെരുവുനായ്ക്കൾ അവിടെ പ്രശ്നമാകുന്നില്ല. വേണമെങ്കിൽ, കേരളത്തിലേക്ക് കശാപ്പിനായി കന്നുകാലികളെയും പോത്തുകളെയുമൊക്കെ കൊണ്ടുവരുന്നതുപോലെ ഇവിടെ നിന്ന് നാഗാലാൻഡിലേക്കും മിസോറാമിലേക്കുമൊക്കെ തെരുവുനായ്ക്കളെ പിടികൂടി കയറ്റി അയയ്ക്കാൻ നിയമനടപടികൾ ആലോചിക്കാവുന്നതാണ്.

രണ്ടാമത്തെ കാരണം ശ്വാനവർഗ്ഗവുമായി നമ്മുടെ സുദീർഘമായ ആത്മബന്ധവും അവ നമ്മോടുകാണിച്ചുപോരുന്ന വിശ്വസ്തതയുമാണ്. അവ നാം വിലമതിക്കുന്നതുമൂലമാണ് അവയെ കൊല്ലാൻ നിയമം അനുവദിക്കാത്തത്. ചില ഇൻഡ്യൻ സംസ്ഥാനങ്ങളിൽ പശുക്കളെ കൊല്ലാൻ അനുവാദമില്ലാത്തത് അവയുമായുള്ള പവിത്രമായ ആത്മബന്ധം കാരണമാണല്ലോ.

**നാം ഭക്ഷിക്കാറില്ലാത്ത എലിയെ കൊല്ലുന്നതിന് ഒരു നിയമതടസ്സവുമില്ലല്ലോ. ഇവിടെ ഒരു താരതമ്യം ആകാമൊ?**

പട്ടി മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു വളർത്തുമൃഗവും ഉറ്റമിത്രവുമാണ്. പന്ത്രണ്ടു സഹസ്രാബ്ദങ്ങളിലധികമായി അതു മനുഷ്യനെ സേവിച്ചുവരുന്നു. നമ്മുടെ പൂർവ്വികർ അവയെ ഇണക്കി വളർത്താൻ തുടങ്ങി. ഇന്നും അവയ്ക്ക് നമ്മിൽ പലരുടെയും വീടുകൾക്കുള്ളിൽ പോലും പ്രവേശന സ്വാതന്ത്ര്യമുണ്ട്. മനുഷ്യന്റെ ജീവിതവും സംസ്കാരവുമായി അടുത്ത ബന്ധമാണ് അവയ്ക്കുള്ളത്. ചുരുക്കത്തിൽ നായ നമുക്കൊരു കുടുംബാംഗത്തെപ്പോലെയാണ്. എന്നാൽ നമ്മുടെ ഭക്ഷണധാന്യങ്ങൾ തിന്നു നശിപ്പിക്കുകയും രോഗബാധയുണ്ടാക്കുകയും ചെയ്യുന്ന എലിയുമായി ഇത്തരം സൗഹൃദബന്ധമൊന്നുമില്ല. അതൊരു ക്ഷുദ്രജന്തുവാണ്. അതു വരുത്തുന്ന നാശം വളരെ വ്യാപകവുമാണ്. അതുകൊണ്ട് എലികളെ കൊല്ലുന്നതിൽ നമുക്കേറെ മനോവ്യഥ തോന്നാറുമില്ല. അക്കാരണത്താൽ എലിയെ കൊല്ലുന്നതും പട്ടിയെ കൊല്ലുന്നതും തുല്യപ്പെടുത്താനാവില്ല. പട്ടികൾ അപകടകാരികളാകുന്ന ഘട്ടത്തിൽ അവയെ കൊല്ലാവുന്നതാണെന്ന് മുമ്പ് സൂചിപ്പിച്ചുകഴിഞ്ഞു.

**തെരുവുപട്ടിയെ അതിന്റെ വഴിക്കുവിടുക എന്നൊരു ചിന്ത രാഷ്ട്രീ നേതൃത്വത്തിൽ നിന്ന് വരുന്നു. ഇതിലെന്തെങ്കിലും ശുദ്ധതാത്പര്യമുണ്ടോ?**

ആശുപത്രി ഉടമകൾക്ക് തെരുവുപട്ടികളെ സ്വതന്ത്രമായി വിടുന്നത് താത്പര്യമുള്ള കാര്യമായിരിക്കും. കാരണം പട്ടികടിയേറ്റ് ചികിത്സക്കുവരുന്നവൻ അവരുടെ വരുമാനസ്രോതസാണ്. ഏതു പട്ടി കടിച്ചാലും റേബിസ് ബാധ എഴുതി തള്ളാനാവാത്തതുകൊണ്ട് പരിശോധനകൾക്കും വാക്സിൻ കുത്തിവെയ്പുകൾക്കുമായി ഒരു വൻ തുക ഓരോ കടിയേറ്റയാളിൽ നിന്നും വസൂലാക്കാം. ആന്റി റേബീസ് വാക്സിൻ അമിതവിലയ്ക്ക് വിപണനം ചെയ്ത് വൻ ലാഭം മരുന്നുകമ്പനിക്കാർക്കും പിടുങ്ങാം. വ്യവസായ ലോബികളും രാഷ്ട്രീയക്കാരുമായുള്ള വേഴ്ച നിഷേധ സാധ്യതയുള്ളതല്ല. ഒരു പക്ഷേ വ്യവസായ താത്പര്യം സംരക്ഷിച്ച് ലാഭമുണ്ടാക്കുന്ന രാഷ്ട്രീയക്കാർ ആയിരിക്കാം തെരുവുനായ്ക്കളുടെ നിയന്ത്രണത്തിൽ ആത്മരോഷം പൂണ്ട് അവയെ അവയുടെ വഴിക്കുവിടാൻ നിർദ്ദേശിക്കുന്നത്. രാഷ്ട്രീയക്കാരുടെ ലക്ഷ്യമെന്താണെന്ന് തിട്ടമായി പറയാൻ കഴിയില്ലെങ്കിലും മരുന്നു വ്യവസായികളുടെ ഉദ്ദേശ്യം വ്യക്തമാണ്. അവരുടെ താത്പര്യം രാഷ്ട്രീയക്കാർ സംരക്ഷിക്കുന്നതിൽ അത്ഭുതം വേണ്ട. അതുകൊണ്ട് രാഷ്ട്രീയ പ്രഖ്യാപനങ്ങളിൽ ഗുപ്തലക്ഷ്യങ്ങൾ ഉണ്ടാകാം.

**ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് തീരുമേനിക്കുള്ളത്?**

1. പട്ടികളെ വളർത്തുന്നവർ യാതൊരു കാരണത്താലും അവയെ തെരുവിലേക്ക് തള്ളരുത്. സ്വന്തം വീട്ടുവളപ്പിൽ സൂക്ഷിക്കുകയും താത്പര്യമുണ്ടെങ്കിൽ തങ്ങൾക്കൊപ്പം നടത്തത്തിന് കൊണ്ടുപോവുകയും ചെയ്യട്ടെ.
2. ഉടമകൾ പട്ടികളെ രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും ചെയ്യുന്നതു നിർബന്ധമാക്കുക.
3. പട്ടികളെ ഇൻഷ്വർ ചെയ്യുന്നതിനും അവയുടെ കടിയേൽക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും വ്യക്തമായ നിയമങ്ങൾ ഉണ്ടാകണം.
4. പട്ടികൾ ഏതെങ്കിലും രീതിയിൽ തെരുവിലെത്തിയാൽ ആരെങ്കിലും അതിനെ ഏറ്റെടുക്കുകയോ അല്ലാത്തപക്ഷം ഷെൽറ്റർ ഹൗസുകളിലാക്കി സംരക്ഷിക്കുകയോ ചെയ്യണം.
5. ഉടമകൾ കാലാകാലങ്ങളിൽ തങ്ങളുടെ നായ്ക്കളെ ആവശ്യമായ കുത്തിവെയ്പു നടത്തിക്കുന്നത് നിർബന്ധമാക്കണം.
6. ഭക്ഷണവസ്തുക്കൾ അടങ്ങുന്ന മാലിന്യങ്ങൾ നായ്ക്കൾക്ക് ലഭ്യമായ രീതിയിൽ കൂട്ടിയിടരുത്.
7. തെരുവിലെത്തുന്ന പട്ടികളെ വന്ധ്യംകരിച്ച് അവയുടെ വംശവർദ്ധനവ് തടയുക.
8. വഴി, നിരത്തുകളിൽ അവയെ പ്രകോപിപ്പിച്ച് അക്രമാസക്തരാകുവാൻ ഇടവരുത്താതിരിക്കുക.
9. കൊല്ലേണ്ടവിധം അപകടകാരികൾ ആയ പട്ടികളെ അധികം നരകിപ്പിക്കാത്തവിധം കൊല്ലുക.
10. മനുഷ്യന് നായ്ക്കളുമായുള്ള ചരിത്ര-സാംസ്കാരിക - സൗഹൃദബന്ധങ്ങൾ സ്നേഹപൂർവ്വം സ്മരിച്ച് അവയോട് മനുഷ്യത്വപരമായി പെരുമാറുക.
11. നായ്ക്കളുടെ വർദ്ധനവിനെ പിന്തുണക്കുന്നവരുടെ വ്യാവസായിക താത്പര്യങ്ങളും ബന്ധങ്ങളും സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തുക.
12. നായ്ക്കൾക്ക് വേണ്ടത്ര നല്ല ഭക്ഷണവും വൃത്തിയുള്ള പാർപ്പിടവും രോഗലക്ഷണങ്ങൾ കണ്ടാൽ വിദഗ്ദ്ധ ചികിത്സയും നൽകുക.

ചരിത്രാതീത കാലം മുതൽ നായ് മനുഷ്യന് തുണയാണ്. നായ് യജമാനന്റെ വീടു കാക്കുന്നു. ജീവൻ അപകടപ്പെടുത്തിയും വീട്ടുകാരെ സംരക്ഷിക്കുന്നു. ഒരു നല്ല സുഹൃത്തിനെപ്പോലെ കൂടെ സഞ്ചരിച്ച് സ്നേഹം പ്രകടിപ്പിക്കുന്നു. അതിനു നൽകുന്ന ഭക്ഷണത്തിനും സൗഹൃദത്തിനും മനുഷ്യനെ അതിശയിക്കത്തവിധം പ്രതിനന്ദി പ്രകടിപ്പിക്കുന്നു. കുറ്റവാളികളെ കണ്ടെത്താനും കുറ്റകൃത്യങ്ങൾ തെളിയിക്കാനും പരിശീലനം ലഭിച്ച നായ് പോലീസിനെ സഹായിക്കുന്നു. ശ്വാനവർഗ്ഗത്തോടുള്ള സുദീർഘമായ സ്നേഹബന്ധം നിലനിർത്തിക്കൊണ്ട് തെരുവുനായ് പ്രശ്നത്തിന് പരിഹാരം കാണണം. പ്രശ്ന സാഹചര്യത്തിലും നമുക്ക് അവയോടുള്ള നന്ദിയും കടപ്പാടും മറക്കാതിരിക്കുക. മനുഷ്യപക്ഷം ചേർന്നുനിന്ന് മനുഷ്യത്വപരമായ നിലപാടാണ് ഈ പ്രശ്നം പരിഹരിക്കുവാൻ നാം സ്വീകരിക്കേണ്ടത്.

വചനചിന്ത

വി.യോഹ 18:11

# വാൾ

ജോയി മേക്കോട്ടിൽ

വാൾ ഉറയിലിടാൻ തന്നെയാണ് ക്രിസ്തുവിന്റെ മൊഴി, ഏഴല്ല എഴുപതു വട്ടവും ക്ഷമിക്കണമെന്നൊക്കെ കൂടെ നടന്ന് കോറിയിട്ടതാണ് ഗുരു. പക്ഷേ ക്ഷണിക ക്ഷോഭത്തിൽ പഠിച്ചതെല്ലാം മറന്നുപോകുന്ന മനുഷ്യന്റെ സഹജമായ ദൗർബല്യം തന്നെയാവണം പത്രോസിനെ വാളെടുക്കുവാൻ പ്രേരിപ്പിക്കുന്നത്. കാലത്തിന്റെ കയ്പു നിറഞ്ഞ അങ്കക്കലികളിൽ വികൃതമായിപ്പോയ ഈ ഭൂമിയെ നൈർമ്മല്യത്തിലേക്കാനയിക്കാനാണ് ക്രിസ്തു ഒരു ജീവിതം കൊണ്ടു തന്നെ ശ്രമിച്ചത്. പക്ഷേ ഒരു നിർണ്ണായക സന്ദർഭത്തിൽ കൂടെ നടന്നവനുതന്നെ പാളിപ്പോകുന്നു. ഇതാണിന്ന് നമ്മുടേയും പ്രശ്നം.

മുറിപ്പെടുത്തുന്ന എന്തിനേയും വാൾ എന്നുതന്നെ വിളിയ്ക്കാം. അതുകൊണ്ടാണല്ലോ വചനത്തെ ഇരുവായ്ത്തലയുള്ള വാളെന്നു വിശേഷിപ്പിക്കുന്നത്. ഉള്ളത്തെ മുറിപ്പെടുത്തുന്ന വാക്ക് വാൾ തന്നെ! അപ്പോൾ ഒരു വാളും പുറത്തല്ല പരിക്കേല്പിക്കുന്നത്. പുറത്തുള്ള ലോകത്തെ പരിക്കേല്പിക്കാനുള്ളതല്ല. അല്ലെങ്കിൽ അതിനെ മുറിപ്പെടുത്താൻ ആരാണ് നമുക്ക് അധികാരം തന്നത്? അതുകൊണ്ട് എന്തുനേടാൻ? വാൾ കൊണ്ട് ഈ ഭൂമിയിൽ നിലനില്പുള്ള ഒന്നും ആരും നേടിയിട്ടില്ല. ഒരു രാജ്യ ചരിത്രം പോലും വാൾമുനകളിൽ മാത്രം എഴുതപ്പെട്ടിട്ടുമില്ല. അതുകൊണ്ടു തന്നെ വാൾ ഉറയിലിടേണ്ടതാണ് എപ്പോഴും. എന്നുവച്ചാൽ അവനവന്റെ ഉള്ളറയിൽ തന്നെ ഇരിക്കാനുള്ളതാണെന്ന്. അവിടെയിരുന്ന് നിരന്തരം അവനവനെത്തന്നെ വിഭജിക്കുക എന്നതാണതിന്റെ കർമ്മം. ഒന്നോർമ്മിക്കുക. യേശുക്കുഞ്ഞുമായി ദേവാലയത്തിലെത്തുമ്പോൾ ശിമയോനെന്ന ജ്ഞാനവൃദ്ധൻ അമ്മയ്ക്കു നല്കുന്ന ആശീർവാദമിതു തന്നെയാണ്. നിന്റെ നെഞ്ചിലൂടെ വാൾ കടന്നു പോകും. അവനവന്റെ മനസ്സിനിണങ്ങിയ ക്രിസ്തുവിനുപകരം അവൻ ജീവിതം കൊണ്ടു ചേർത്തുപിടിച്ച മൂല്യങ്ങളെയാണ് നാം ഗൗരവമായിട്ടെടുക്കുന്നതെങ്കിൽ അവനെ സ്വീകരിക്കുകയെന്നാൽ സ്വയം മുറിയപ്പെടുക എന്ന് തന്നെയാണർത്ഥം! ഈ കാലത്തോട്, അതേല്പിക്കുന്ന ക്ഷതങ്ങളോട്, കലഹിക്കാതെ അവനൊപ്പം നടക്കാനാവതല്ല. ഇതു ഏതൊരു കാലത്തും വ്യത്യസ്തമായിക്കൊള്ളണമെന്നൊന്നുമില്ല. ക്രിസ്തുവിനു സംഭവിച്ചതും ഇതൊക്കെത്തന്നെയായിരുന്നു. ചെയ്യാത്ത അപരാധത്തിന്റെ പേരിൽ പീഡിക്കപ്പെടാം. ചുറ്റും പരിഹാസത്തിന്റെ മുൾത്തണ്ടു പിണച്ചുകെട്ടിയ മുൾമുടികളണിയപ്പെടാം; പരസ്പരം പറഞ്ഞും പറയാതറിഞ്ഞും സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട ചങ്ങാതികൾ തന്നെ നമുക്ക് മുപ്പതു വെള്ളി വിലയിടാം. ഇങ്ങനെ മുറിയപ്പെടുമ്പോഴൊക്കെ നമ്മുടെയൊക്കെ നിലനില്പിന്റെ നിലപാടു തന്നെ ക്രിസ്തുവാണെന്നോർമ്മിക്കണം. അവന്റെ ജീവിതവഴികളാണെന്ന ആന്തരിക ബലമുണ്ടാകണം. അപ്പോൾ താൽക്കാലികമായ ഒത്തുതീർപ്പുകളേക്കാൾ എന്തിന് അന്നത്തെക്കാൾ പോലും വിലപ്പെട്ടതാകും ക്രിസ്തുവിലുള്ള ആത്മാഭിമാനം!

ഒന്നും നമ്മെ മുറിപ്പെടുത്താൻ അനുവദിക്കാതിരിക്കുക എന്നതാണ് പ്രധാനം. ഒരിക്കൽ ഒരു സൂഫി ഗുരു തന്റെ ഗ്രാമത്തിലൂടെ കടന്നു പോവുകയായിരുന്നു. ജനങ്ങൾ കൂട്ടമായി വന്ന് അദ്ദേഹത്തെ ചീത്ത വിളിക്കാൻ തുടങ്ങി എല്ലാം കേട്ടിട്ട് ഗുരു പറഞ്ഞു: വെയിലിന് ചൂടേറുന്നു. എനിക്ക് അടുത്ത ഗ്രാമത്തിലെത്തണം. ജനങ്ങൾ ചുറ്റും നിന്ന് ആർത്തു കൂവി. "ഇവർ താങ്കളെ നിന്ദിക്കുകയായിരുന്നു എന്നു പോലും താങ്കൾക്ക് മനസ്സിലായില്ലേ?" "ഒക്കെ എനിക്കു മനസ്സിലായി. പക്ഷേ അതെന്റെ പ്രശ്നം കൊണ്ടല്ല. നിങ്ങളുടേതുകൊണ്ടാണ്" എന്നു പറഞ്ഞ് ഗുരു യാത്രയായി. അരിശപ്പെടുന്നവന്റെയും അപഹസിക്കുന്നവന്റെയും മുമ്പിൽ മൗനിയാവുക. ഒരു ചെകിട്ടത്തടിക്കുന്നവന് മറ്റതും കൂടി കാണിച്ചു കൊടുക്കുക. നമ്മെ മുറിപ്പെടുത്തുന്നവരെ നാമും മുറിപ്പെടുത്തുന്നുവെങ്കിൽ അതിനർത്ഥം നാം ഉള്ളിൽ തിളച്ചുമറിയുകയാണ് എന്നു തന്നെയല്ലേ? ഉള്ളിൽ കെട്ടിക്കിടന്ന പാരുഷ്യമൊക്കെ ഒഴുകാൻ ഇടം തേടുകയായിരുന്നുവെന്നു തന്നെ! ഈ തിരിച്ചറിവ് കിട്ടുക സ്വന്തം സ്വത്വം കണ്ടെത്തുമ്പോഴാണ്. വിചാരണകളുടെ മുറിപ്പാടുകൾക്കിടയിലെ ക്രിസ്തുവിന്റെ സാന്ദ്രമായ നിശബ്ദതയുടെ ആഴം ധ്യാനിക്കുക!

അപഹസിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന ഒരു ലോകം തന്നെയാണെന്നും നമുക്ക് ചുറ്റിലുമുണ്ടാകുക. ക്രിസ്തുവിലാകുകയെന്നതിനർത്ഥം പ്രോസ്പിരിറ്റി ഗോസ്പൽ വാഗ്ദാനം ചെയ്യുന്ന സേഫ്റ്റി കോർണറിലായിരിക്കുക എന്നൊന്നുമല്ല. അപ്പോൾ ഇതിനോടൊക്കെയുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കണം? ഒരിക്കൽ ശ്രീബുദ്ധനും ശിഷ്യരും കൂടി ഒരു ഗ്രാമത്തിലൂടെ കടന്നുപോകവേ ഒരാൾ ഓടിവന്ന് ബുദ്ധന്റെ മുഖത്ത് ആഞ്ഞടിച്ചു. ഏവരും പകച്ചു നിൽക്കെ വേദന സഹിച്ചു തന്നെ ബുദ്ധൻ ചോദിച്ചു എന്തെങ്കിലും പറയാനുണ്ടോ? തല്ലിയവനെ കയ്യേറ്റം ചെയ്യാനൊരുമ്പെട്ട തന്റെ സഹചാരികളെ തടഞ്ഞു കൊണ്ട് ബുദ്ധൻ പറഞ്ഞു. അയാൾ വളരെ ദേഷ്യത്തിലായിരു

**ലേഖനം**

# ക്രിസ്തീയ സഭയും ദൗത്യവും

**എം. സൈമൺ**

ക്രിസ്തീയ ദൗത്യം എന്താണെന്ന് അറിയുന്നത് സഭയിലൂടെയാണ്. സഭയെന്ന വാക്കിന്റെ അർത്ഥം തന്നെ ദൗത്യനിർവ്വണത്തിനായി വിളിച്ചു ചേർക്കപ്പെട്ട സമൂഹം എന്നാണ്. ക്രിസ്തു തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്ന മാതൃകകളും ഉപദേശിച്ചു തന്ന തത്വങ്ങളും ആത്മീയ ദർശനങ്ങളും ലോകം മുഴുവൻ പകർന്നു നൽകാനുള്ള ദൗത്യം ശിഷ്യരെ ഭരമേൽപ്പിച്ചാണ് സ്വർഗ്ഗാരോഹണം ചെയ്തത്. ആ ശിഷ്യൻമാരാൽ വിളിച്ചു ചേർക്കപ്പെട്ട വിശ്വാസികളുടെ കൂട്ടായ്മയെയാണ് ക്രിസ്തീയ സഭ എന്ന് പറയുന്നത്. പിതാക്കന്മാർ പഠിപ്പിക്കുന്നത് സഭ ശരീരവും ക്രിസ്തു അതിന്റെ തലയുമാണെന്നാണ്. തലയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശരീരാവയവങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതുപോലെ ക്രിസ്ത്രീയ ദൗത്യത്തിന്റെ നിയോഗബോധവും അതിന്റെ കൃത്യമായ നിർവ്വഹണവുമാണ് സഭയുടെ കർത്തവ്യം.

ക്രിസ്തുവിന്റെ ഉപദേശങ്ങളുടേയും കൽപ്പനകളുടേയും ലക്ഷ്യവും സാരാംശവും ഉൾക്കൊള്ളുന്നതിലും മനസ്സിലാക്കുന്നതിലും ഉണ്ടായ വൈരുദ്ധ്യങ്ങൾ അനേകം ക്രിസ്തീയ വിഭാഗങ്ങൾ രൂപം കൊള്ളാൻ കാരണമായി. ഇത് ആദിമസഭയുടെ കാലം മുതൽ കണ്ടുവരുന്ന പ്രതിഭാസമാണ്. ഞാൻ പൗലോസിന്റെ പക്ഷക്കാരനെന്നും അപ്പെല്ലോസിന്റെ സഭക്കാരനെന്നും ഞാൻ കേപ്പായുടെ ആളാണെന്നുമുള്ളചേരിതിരിവിനെതിരെ കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹ പ്രതികരിക്കുന്നതായികാണാം. അതുപോലെ, പരിഛേദനയെ ചൊല്ലിയുള്ള വിവാദങ്ങളും പുറജാതി ക്രിസ്ത്യാനികളുടെ കൂടെ ഭക്ഷണത്തിനിരുന്ന പത്രോസ്, യാക്കോബ് കാണാതിരിക്കാൻ എഴുന്നേറ്റ് മാറുന്നതുമൊക്കെ അതുവരെ അനുവർത്തിച്ചുപോന്ന പാരമ്പര്യങ്ങളെയും മാമൂലുകളെയും മാറ്റി നിർത്തിക്കൊണ്ടുള്ള ക്രിസ്തീയ ലക്ഷ്യം ഉൾക്കൊള്ളാനുള്ള വിമുഖതയെയാണ് കാണിക്കുന്നത്. പക്ഷേ, അപ്പോഴൊക്കെ അവരെ ക്രിസ്തീയ സാക്ഷ്യം ബോധ്യപ്പെടുത്തുന്നതിനും തിരുത്തുന്നതിനും ശേഷിയും ശേംഷിയും തികഞ്ഞ അനിഷേധ്യമായ നേതൃപാടവം ഉള്ള വി.പൗലോസ് ഉണ്ടായിരുന്നു. ക്രിസ്തു നിങ്ങളിൽ ഉരുവാകുന്നത് വരെ ഞാൻ ഈറ്റുനോവനുഭവിച്ചുകൊണ്ടിരിക്കുമെന്ന് പറയാൻ തക്ക വിധം, സഭയ്ക്ക് വേണ്ടി സമർപ്പിതരായവർ വി. പൗലോസിനുശേഷം വിരളമായിരുന്നു.

കത്തോലിക്കസഭയിൽ കടന്നുകൂടിയ ദുരാചാരങ്ങളും ലൈംഗിക വൈകൃതങ്ങളും അമർച്ച ചെയ്യുന്നതിനോ പരിഹരിക്കുന്നതിനോ പാപ്പായ്ക്ക് കഴിവില്ലാതെ പോയതാണ് പ്രൊട്ടസ്റ്റന്റ് സഭാവിഭാഗം ഉത്ഭവിക്കാൻ കാരണമെന്ന് ഒരു കത്തോലിക്ക പ്രസിദ്ധീകരണത്തിൽ വായിക്കുകയുണ്ടായി. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന ലെനിന്റെ തത്വമാണ് ക്രിസ്തീയ സഭകളിലും നടന്നുകൊണ്ടിരുന്നത്. സഭ കെട്ടിപ്പടുക്കുവാനാവശ്യമായ ധനസമ്പാദനത്തിന് പാപമോചനചീട്ട്, തിരുശേഷിപ്പുകൾ എന്നിവ വ്യാപകമായി വിൽപ്പന നടത്തിയിരുന്നു എന്നും വൈദികസ്ഥാനീയരുടെ ലൈംഗിക അതിക്രമങ്ങൾക്ക് സഭ ഭീമമായ തുക നഷ്ടപരിഹാരമായി നൽകേണ്ടി വന്നു എന്നുമുള്ള വാർത്തകൾ ക്രിസ്തീയ മൂല്യങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നു. സഭകൾ നേതൃത്വം നൽകുന്ന ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹ്യ സേവനം എന്ന ലക്ഷ്യത്തിലാണ് തുടങ്ങുന്നതെങ്കിലും ചിലയിടനങ്ങളിലെങ്കിലും കച്ചവട സ്ഥാപനങ്ങളായി പരിവർത്തനപ്പെടുന്നു. പശുത്തൊഴുത്തിൽ പിറന്നു വീഴേണ്ടി വന്ന യേശുനാഥന്റെ ''മനുഷ്യ പുത്രനു തലചായ്ക്കാനിടമില്ലെ''ന്ന പ്രഖ്യാപനം കേട്ടറിഞ്ഞ പള്ളി

---

ന്നതുകൊണ്ട് വാക്കുകൾ മതിയാകാതെ വന്നിട്ടാകും. ബുദ്ധൻ ശാന്തനായി നടന്നു പോയി. ഇത് ബുദ്ധനെ അടിച്ച വ്യക്തിക്ക് താങ്ങാനാവുമായിരുന്നില്ല. അപമാനിയ്ക്കാൻ തന്നെ കരുതിക്കൂട്ടി ചെയ്തതാണ്. പക്ഷേ ഈ പ്രതികരണമയാളെ ഉലച്ചുകളഞ്ഞു. അയാൾക്ക് അന്ന് ഉറങ്ങാനായില്ല. പുലർച്ചേ തന്നെ അയാൾ ബുദ്ധനെ തേടിയെത്തി, മാപ്പിരന്നു. ബുദ്ധൻ ശാന്തനായി അയാളെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു. "നോക്കൂ, നമുക്കു മുന്നിൽ ഈ നദി ഒഴുകുന്നു. അതിലൂടെ ഈയൊരു രാവു കൊണ്ട് എത്ര വെള്ളമൊഴുകിപ്പോയി. ഇന്നലത്തെ വ്യക്തികളല്ല ഇപ്പോൾ നിങ്ങളും ഞാനും! നമുക്കിടയിലും കാലത്തിന്റെ ഒരടരു കൂടി ഒഴുകിപ്പോയിരിക്കുന്നു. അതുകൊണ്ട് ആര് ആരോട് മാപ്പിരക്കാൻ?" അതെ അതു തന്നെയാണ് കാര്യം. ഓരോ ദിനത്തേയും ഓരോ വ്യക്തിയേയും അതിന്റെ പുതുമയോടെ സ്വീകരിക്കാൻ. ഇതാണ് ബോധോദയം ലഭിച്ചാൽ ഉണ്ടാകുന്ന പ്രകാശം. വാൾ കൊണ്ട് ഒരു മർക്കോസിന്റെ കാതറുക്കാൻ കഴിഞ്ഞേക്കാം. പത്രോസിന് ഉന്നം കൃത്യമായിരുന്നെങ്കിൽ അവന്റെ ജീവിതം കൂടി! പക്ഷേ അവനെ നേടാൻ......? എല്ലാ വാളും ഉറയിലിടുക തന്നെ വേണം.

പ്രമാണികൾ അവന്റെ തിരുനിവാസത്തിന് കോടികൾ ചിലവിട്ട് ദേവാലയങ്ങൾ, ആഡംബര മന്ദിരങ്ങളാക്കി പുതുക്കിപ്പണിയുന്നതിൽ മത്സരിക്കുന്നു. ഇത്തരം പ്രവണതകളെ കർശനമായി നിയന്ത്രിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ നിർദ്ദേശം നൽകിയതായി വായിച്ചു. അങ്ങനെയൊരു ചിന്തയിലേക്കുയരാൻ അവരുടേതായ പാരമ്പര്യമുള്ള സഭകൾക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരമാണ്. അടുത്തകാലത്ത് ആറുകോടിയിൽപരം രൂപയുടെ ധൂർത്തിൽ പുതുക്കി പണിത ഒരു ക്രൈസ്തവ ദേവാലയത്തിലെ കുർബാനയിൽ പങ്കെടുക്കാനിടായി മലങ്കരസഭയ്ക്ക് മൊത്തം അഭിമാനിക്കാൻ തക്കവണ്ണം മനോഹരമായി ഈ ദൈവാലയം നിർമ്മിക്കാൻ കൈയയച്ച് സംഭാവന നൽകിയ ഇടവകാംഗങ്ങളെ നാം അഭിനന്ദിക്കുന്നു എന്ന ഇടവക മെത്രാപ്പോലീത്തായുടെ പ്രസംഗം കേട്ട് ഇടവക ജനം ഹർഷപുളകിതരായി. അതേസമയം, ആ ഇടവകയിൽപ്പെട്ട നിർധനനായ ചെറുപ്പക്കാരന്റെ രണ്ടു വൃക്കകളും തകരാറിലായി നാളുകളായി ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്നു. വൃക്കമാറ്റിവയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായത്തിനായി പത്രപരസ്യം നൽകിയിട്ടും ആവശ്യമായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അപ്പോഴൊരാൾ പറയുന്നത് കേട്ടു. ആത്മീയതയുടെ വിശുദ്ധി മറന്നുവച്ച് അഹങ്കാര പ്രകടനം ആർഭാടമാക്കുന്ന നമ്മുടെ പെരുന്നാളുകൾ യതാർത്ഥത്തിൽ ആ വിശുദ്ധരുടെ നാമങ്ങളെ അവഹേളിക്കലല്ലേ? ഇതൊക്കെ കൂട്ടി വായിക്കുമ്പോൾ ക്രിസ്തീയ ദൗത്യം ദിശ തെറ്റുന്നില്ലേ എന്ന് ആരും സംശയച്ച് പോകും.

പല സഭകളും ക്രിസ്തീയദൗത്യം, മർക്കോസ് 16:15 ലെ നിങ്ങൾ ലോകമെങ്ങും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിപ്പിക്കുക എന്ന കൽപന അനുസരിക്കലാണെന്ന് ധരിച്ചുവച്ചിരിക്കുന്നു. ഓരോ നാൽക്കവലകളിലും സുവിശേഷ പ്രസംഗകരെ കാണാം. ആരെങ്കിലും കേൾക്കുന്നുണ്ടോ എന്നത വർക്ക് പ്രശ്നമല്ല. സുവിശേഷം പറഞ്ഞ് സഭയിൽ ആളെ ചേർക്കാൻ കഴിയല്ലെന്ന് അവർക്കറിയാം. അതിനെളുപ്പമാർഗ്ഗം മറ്റു സഭകളിൽ നിന്ന് പ്രലോഭനത്തിലൂടെ ആകർഷിക്കുകയെന്നതാണ്. അസൂയക്കാർ അതിനെ ആട് മോഷണമെന്ന് പറയും. യോഹ–4:38 ൽ നിങ്ങൾ അദ്ധ്വാനിക്കാത്തത് കൊയ്യാൻ ഞാൻ നിങ്ങളെ അയച്ചു എന്ന വചനം അറിയാത്തവരാണ് വിമർശിക്കുന്നതെന്നാണവരുടെ ന്യായീകരണം.

ഡോ. തോമസ് മാർ അത്താനാസ്യോസ് പറയുന്നത്, എല്ലാ സഭകളും വിമോചന പ്രസ്ഥാനങ്ങളായിമാറണമെന്നാണ്. മനുഷ്യകുലത്തിന്റെ വിമോചനമായിരിക്കണം ലക്ഷ്യം. പട്ടിണി, ദാരിദ്ര്യം, കഷ്ടത, ആർത്തി, ആർഭാടം, നിസംഗത, ക്രൂരത ഇവയിൽ നിന്നെല്ലാമുള്ള മോചനം അതിനുള്ള മാർഗ്ഗം ക്രിസ്തുവിന്റെ ജീവിതമാണ്. ഡോ. ജോസഫ് മർത്തോമ മെത്രാപ്പോലീത്ത പറയുന്നു, "മനുഷ്യർ ആയിരിക്കുന്ന ഇടത്തിൽ നിന്നും ആയിരിക്കേണ്ട ഇടത്തിലേക്കുള്ള പരിവർത്തനപ്പെടുത്തലാണ് സഭയുടെ മിഷൻ" എന്ന് മാമോദീസ മുക്കി സഭയിൽ ആളെ ചേർക്കുക എന്നതല്ല സഭയുടെ ലക്ഷ്യം. യേശുവിന്റെ സാക്ഷികളായി തീരുക എന്നതാണ്. അതിന് ക്രിസ്തുവിന്റെ വഴിയും, സത്യവും കണ്ടറിഞ്ഞ് പിൻപറ്റണം. ക്രിസ്തുവിന്റെ വഴി ത്യാഗത്തിന്റെയും ലാളിത്യത്തിന്റെയും പങ്കുവയ്ക്കലിന്റേതുമാണ്. നാവു കൊണ്ടുള്ള വചന പ്രഘോഷണത്തേക്കാൾ സ്വജീവിതം കൊണ്ട് ക്രിസ്തുവിന്റെ മാതൃക കാണിച്ചു കൊടുക്കുന്നതാണ് യഥാർത്ഥ സുവിശേം. "വഴി ശരിയായി അറിയുന്നയാൾ, ആ വഴിയെതന്നെ പോകുന്നയാൾ, മറ്റുള്ളവരെ ആ വഴികാട്ടി നയിക്കുന്നയാൾ അവനാണ് യഥാർത്ഥ സുവിശേഷകൻ" (ജോൺ സി. മാർക്സ്വൽ)

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് – 100 രൂ.
ആയുഷ്ക്കാലം – 1000 രൂ.
വിദേശത്ത് – 6000 രൂ.
(100 ഡോളർ)


## ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

**വടകര, കൂത്താട്ടുകുളം**

**Ph: 9961636342, 9446450231**

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.

മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.

ഞായർ വി. കുർബ്ബാന : 6.30, a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

# ഭാരതീയ തപാൽ വകുപ്പ് മാറ്റത്തിന്റെ പാതയിൽ

158 വർഷത്തെ പാരമ്പര്യത്തിന്റെ കരുത്തും ആധുനിക സാങ്കേതിക വിദ്യയുടെ മികവുമായി ഭാരതീയ തപാൽ വകുപ്പ് മാറ്റത്തിന്റെ പാതയിലാണ്. പരമ്പരാഗതമായ തപാൽ സേവനങ്ങൾ ഇലക്ട്രോണിക് വിദ്യയുടെ മികവിൽ നൽകുന്നതോടൊപ്പം ഉപഭോക്താക്കളുടെ പ്രതീക്ഷകൾക്കനുസരിച്ച് പുതിയ സേവനങ്ങൾ നടപ്പാക്കി വരികയുമാണ്. 1508 ഡിപ്പാർട്ടുമെന്റൽ പോസ്റ്റോഫീസുകളും 3560 ബ്രാഞ്ച് തപാൽ ഓഫീസുകളും മറ്റ് അനേകം മെയിൽ ഓഫീസുകളും അടങ്ങുന്നതാണ് കേരളത്തിലെ തപാൽ ശൃംഖല. കേരളത്തിലെ ഓരോ വില്ലേജ്/പഞ്ചായത്ത് പരിധിക്കുള്ളിലും ഒരു പോസ്റ്റ് ഓഫീസ് നിലവിലുണ്ട്. നിങ്ങളുടെ തപാൽ/ബിൽ പേയ്മെന്റ് ധനകാര്യ സേവനങ്ങൾ തൊട്ടടുത്തുള്ള പോസ്റ്റോഫീസിൽ ലഭ്യമാണ്.

**തപാലധിഷ്ഠിത പ്രീമിയം സേവനങ്ങൾ**

സ്പീഡ് പോസ്റ്റ്, ബിസിനസ്സ് പോസ്റ്റ്, ബിൽ മെയിൽ, എക്സ്പ്രസ്/ബിസിനസ് പാർസൽ, ക്യാഷ് ഓൺ ഡെലിവറി, ലോജിസ്റ്റിക്സ് പോസ്റ്റ്, ഡയറക്ട് പോസ്റ്റ്, മീഡിയ പോസ്റ്റ്, റീട്ടെയിൽ പോസ്റ്റ് മുതലായവ കൂടാതെ പാക്കേജിംഗ്, റെയിൽവേ ടിക്കറ്റ് റിസർവേഷൻ എന്നിവ തെരഞ്ഞെടുക്കപ്പെട്ട പോസ്റ്റ് ഓഫീസുകളിൽ ലഭ്യമാണ്.

ഇപ്പോൾ സ്പീഡ് പോസ്റ്റ്, രജിസ്റ്റേർഡ് പോസ്റ്റ്, എക്സ്പ്രസ്/ബിസിനസ് പാർസൽ ഉരുപ്പടികൾ ട്രാക്ക് ചെയ്യാനും ഡെലിവറി ഇൻഫർമേഷൻ എസ്.എം.എസ് മുഖേന അറിയാനും സാധിക്കും. ബിസിനസ്/ഇ-കോമേഴ്സ് കസ്റ്റമേഴ്സിന് ക്രെഡിറ്റ്, പിക്കപ്പ്, ഡിസ്കൗണ്ട് എന്നീ സൗകര്യങ്ങൾ നൽകുന്നു.

**ഇ-സർവീസുകൾ**

**ഇ-പോസ്റ്റ്**

ടെലഗ്രാം സർവ്വീസിന് പകരം മെസ്സേജുകൾ വളരെ പെട്ടെന്ന് അയക്കാൻ ഉപയോഗിക്കാം.

**ഇ-പേയ്മെന്റ്**

ടെലിഫോൺ ബിൽ, വെള്ളക്കരം, ഏഷ്യാനെറ്റ് ബ്രോഡ്ബാൻഡ് ബിൽ, മൊബൈൽ ബില്ലുകൾ, പ്രീ പെയ്ഡ് റീചാർജുകൾ, മദ്രസ അദ്ധ്യാപക ക്ഷേമനിധി വരിസംഖ്യ എന്നിവ ഈ സംവിധാനത്തിലൂടെ പോസ്റ്റോഫീസുകളിൽ ഒടുക്കാവുന്നതാണ്.

**മൈ സ്റ്റാമ്പ്**

നിങ്ങളുടേയോ, ഇഷ്ടപ്പെട്ട വ്യക്തികൾ, വസ്തുക്കൾ എന്നിവയുടേയോ ചിത്രങ്ങൾ ആലേഖനം ചെയ്ത സ്റ്റാമ്പുകൾ പുറത്തിറക്കാൻ അവസരമൊരുക്കുന്നു "മൈ സ്റ്റാമ്പ്."

**ധനകാര്യസേവനങ്ങൾ**

ഇ-മണി ഓർഡർ, ഇൻസ്റ്റന്റ് മണി ഓർഡറുകൾ, വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, മൊബൈൽ മണി ട്രാൻസ്ഫർ മുതലായവ പോസ്റ്റോഫീസുകൾ വഴി നടത്താവുന്നതാണ്.

**സേവിങ്സ് ബാങ്ക്**

സേവിങ്സ് അക്കൗണ്ട്, റെക്കറിംഗ് ഡിപ്പോസിറ്റ് അക്കൗണ്ട്, ടൈം ഡിപ്പോസിറ്റ് അക്കൗണ്ട്, മാസവരുമാന പദ്ധതി, സീനിയർ സിറ്റിസൺസ് സേവിങ്സ് സ്കീം, നാഷണൽ സേവിങ്സ് സർട്ടിഫിക്കറ്റ്, സുകന്യ സമൃദ്ധി യോജന അക്കൗണ്ട്, കിസാൻ വികാസ് പത്ര, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നീ സേവനങ്ങൾ പോസ്റ്റ് ഓഫീസിൽ ലഭ്യമാണ്. ഇപ്പോൾ കോർ ബാങ്കിംഗ്/എ.ടി.എം. സൗകര്യവും നടപ്പാക്കിവരുകയാണ്. വളരെ പെട്ടെന്നു തന്നെ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് പ്രവർത്തനം ആരംഭിക്കുകയാണ്.

**പോസ്റ്റൽ ഇൻഷുറൻസ്**

പോസ്റ്റൽ ലൈഫ് ഇൻഷുറൻസ്, ഗ്രാമീണ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് എന്നീ പദ്ധതികൾ വളരെ മെച്ചപ്പെട്ട റിട്ടേൺസ് നൽകുന്നു.

**യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ (UPU)**

ലോകത്തെമ്പാടുമുള്ള തപാൽ സർവ്വീസുകളെ കോർത്തിണക്കുന്ന ശൃംഖലയാണ് UPU ഇന്ത്യ ഉൾപ്പെടെ 192 രാജ്യങ്ങൾ UPU ൽ അംഗങ്ങളാണ്. തപാൽ സർവ്വീസുകളുടെ കാര്യക്ഷമതയും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിൽ UPU വഹിക്കുന്ന പങ്ക് വളരെ വലുതാണ്. UPU ൽ ഉൾപ്പെടുന്ന എല്ലാ രാജ്യങ്ങളും ഒക്ടോബർ 9 തപാൽ ദിനമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി പോസ്റ്റൽ വാരാചരണവും വിവിധ മത്സരങ്ങളും, മറ്റു പരിപാടികളും നടത്തി വരുന്നു.

**പോസ്റ്റൽ ഇൻഡെക്സ് നമ്പർ കോഡ് (PIN Code)**

തപാൽ വിതരണമുള്ള എല്ലാ പോസ്റ്റോഫീസുകൾക്കും 6 അക്കങ്ങളുള്ള പിൻകോഡ് നൽകിയിട്ടുണ്ട്. മേൽ വിലാസത്തിൽ പിൻകോഡ് നിർബന്ധമാണ്. 1972 ആഗസ്റ്റ് 15 മുതലാണ് ഇന്ത്യയിൽ പിൻകോഡ് സമ്പ്രദായം നിലവിൽ വന്നത്. ഒരേ പേരിൽ ഒന്നിലധികം സ്ഥലനാമങ്ങളും വിവിധ ഭാഷകളും ഉള്ളതിനാൽ മേൽവിലാസത്തിൽ പിൻകോഡ് ചേർക്കുന്നത് തപാൽ വിതരണത്തിന് വേഗത കൂട്ടുന്നു.

കെ.കെ. ഡേവീസ്
സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റോഫീസസ്
ആലുവ ഡിവിഷൻ, ആലുവ – 683 101.

RNI No. KERMAL/2012/46014 Date of Publication 15-10-2016 Licence No. KL/CR/ALU/WPP-04/2016-18
Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



## വിദ്യാർത്ഥി ക്യാമ്പ് നടന്നു

പാമ്പാക്കുട: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ക്യാമ്പ് ഇവിടെയുള്ള സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് 2016 സെപ്റ്റംബർ 18, 19 തീയതികളിൽ നടന്നു. കുട്ടികളുടെ വ്യക്തിത്വവികസനം, നേതൃത്വമികവ്, ലക്ഷ്യബോധം, ആശയപ്രകടനശേഷി,സഭാസ്നേഹം എന്നിവ വളർത്തുക ലക്ഷ്യം വച്ചുള്ള ക്യാമ്പായിരുന്നു അത്. സന്തുല ട്രസ്റ്റ് ആശുപത്രി ഡയറക്ടറും ചീഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്, ഫാ. സെബാസ്റ്റ്യൻ സി. എം. ഐ., ബിന്ദു ഏലിയാസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ഭദ്രാസനത്തിലെ വൈദീകരുടെ പ്രത്യേക സഹകരണം ക്യാമ്പ് വളരെ വിജയപ്രദമാക്കി.

## വനിതാസമാജം ഏകദിന സമ്മേളനം

മൂവാറ്റുപുഴ: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ ഒരു ഏകദിനസമ്മേളനം ഊരമന താബോർ പള്ളിയിൽ വച്ച് ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ അദ്ധ്യക്ഷതയിൽ 2016 സെപ്റ്റംബർ 21 ന് നടന്നു. അഭി. തിരുമേനിയുടെ ആമുഖപ്രസംഗത്തിനുശേഷം ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ പ്രാരംഭധ്യാനം നയിച്ചു. തുടർന്ന് പ്രൊഫ. ഡോ. എം.പി മത്തായി 'സമഗ്ര സൗഖ്യം' എന്ന വിഷയം ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ജോ. സെക്രട്ടറി ആലീസ് പ്രിയോമിനാർ സ്വാഗതവും ഭദ്രാസന സെക്രട്ടറി റീനാ ജോയ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനം 1 p.m. ന് സമാപിച്ചു.

## പങ്കെടുത്തു

2016 ഒക്ടോബർ 13, 14, 15 തീയതികളിൽ മോസ്കോയിലെ റഷ്യൻ ഓർത്തഡോക്സ് സെമിനാരിയിൽ വച്ച് അഖിലലോക ഓർത്തഡോക്സ് സൈക്കോതെറാപ്പിസ്റ്റുകളുടെ രാജ്യാന്തര സമ്മേളനം നടന്നു. ഇന്ത്യയിൽ നിന്ന് സന്തുല ഹോസ്പിറ്റൽ ഡയറക്ടറും ചീഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ്, സന്തുല ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി എൻജി. എ.പി. സെൽവിൻ എന്നിവർ പങ്കെടുത്തു. ഫാ. എഡ്വേർഡ് ജോർജ് 'സഭാജീവിതത്തിൽ ആധുനിക മനഃശാസ്ത്രത്തിനുള്ള പ്രത്യേക പ്രസക്തി' എന്ന വിഷയം സംബന്ധിപിച്ച് പ്രബന്ധം അവതരിപ്പിച്ച് പ്രസംഗിച്ചു. രണ്ടു വർഷത്തിലൊരിക്കലാണ് ഈ അന്താരാഷ്ട്ര സമ്മേളനം നടത്തപ്പെടുന്നത്. 2014-ലെ സമ്മേളനത്തിന് സന്തുല ട്രസ്റ്റ് ആശുപത്രിയാണ് ആതിഥേയത്വം നൽകിയതെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

## സൗജന്യ മറവിരോഗ പരിശോധന

പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെയും സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം രാവിലെ 10 മുതൽ ഒരു സൗജന്യ മറവിരോഗ നിർണ്ണയക്യാമ്പും ബോധവത്കരണ സെമിനാറും നടക്കുന്നതാണ്. ലോകാരോഗ്യസംഘടനയുടെ നിർദ്ദേശപ്രകാരം ആചരിക്കുന്ന ആരോഗ്യവാരത്തിന് അനുബന്ധമായിട്ടാണ് ഈ ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത 50 പേർക്കാണ് പരിശോധനാസൗകര്യം ലഭിക്കുക. രജിസ്ട്രേഷൻ സൗജന്യമാണ്. രക്തസമ്മർദ്ദം, പ്രമേഹം എന്നിവയുടെ പരിശോധനയ്ക്കും ക്യാമ്പിൽ സൗകര്യമുണ്ടായിരിക്കും. വികാരി ഫാ. എബ്രാഹാം കാരാമ്മേൽ, പള്ളിഭരണ സമിതിയംഗങ്ങൾ, സന്തുല ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തകർ എന്നിവർ ക്യാമ്പിന്റെ പ്രധാന സംഘാടകരാണ്.

## സീനിയർ സിറ്റിസൺസ് ക്യാമ്പ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ സീനിയർ സിറ്റിസൺസിന്റെ ഒരു ദ്വിദിന ക്യാമ്പ് പാമ്പാക്കുട സമന്വയയിൽ വച്ച് 2016 ഒക്ടോബർ 11, 12 തീയതികളിൽ നടന്നു. 50 പേർ പങ്കെടുത്ത ക്യാമ്പിന് റെജി എം. ജേക്കബ്, ബിന്ദു ഏലിയാസ് എന്നിവർ നേതൃത്വം നൽകി.

## വേദപഠനക്ലാസ്സ് നടന്നു

എല്ലാ മാസവും ആദ്യചൊവ്വാഴ്ചകളിൽ നടത്തിവരുന്ന വേദപഠനക്ലാസ്സ് 2016 ഒക്ടോബർ 4 ന് പാമ്പാക്കുട എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിലൽ വച്ച് നടന്നു. ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയ്ക്കുശേഷം ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ ധ്യാനം നയിച്ചു. അതേത്തുടർന്ന് ഫാ. ഏലിയാസ് ചെറുകാട്ട് ബൈബിൾ ക്ലാസ്സെടുത്തു. പ്രധാനമായും വൈദീകർക്കുവേണ്ടി നടത്തപ്പെടുന്ന വേദപഠനക്ലാസ്സുകളിൽ താല്പര്യമുള്ള എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. വേദപുസ്തക വാക്യങ്ങളുടെ ഏറ്റവും പുതിയ വ്യാഖ്യാനങ്ങളാണ് ഈ ക്ലാസ്സുകളിൽ പഠനവിഷയമാകുന്നത്. വൈദീകരുടെ വേദപുസ്തക വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ആധുനീകരിക്കുന്നതിനും ഈ ക്ലാസ്സുകൾ പ്രയോജനപ്പെടുന്നു. എല്ലാ ഭക്തസംഘടനകളിലെയും അംഗങ്ങൾ പ്രസ്തുത ക്ലാസ്സുകളിൽ തുടർച്ചയായി സംബന്ധിക്കുന്നത് ഏറെ പ്രയോജനകരമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha